# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ JAMAKKARAN

VOLUME - 1 ISSUE - 2

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രിയരെ,

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടാകുമാറാകട്ടെ. കഴിഞ്ഞ മാസത്തെ ജാമക്കാരനിൽ അന്യഭാഷയെക്കുറിച്ച് എഴുതിയ ലേഖനങ്ങളിൽ നിന്ന് വേദപുസ്തകം പഠിപ്പിക്കുന്ന സത്യം മനസ്സിലാക്കുവാൻ കഴിഞ്ഞുവെന്ന് ധാരാളം പേർ എന്നെ അറിയിച്ചു. ഈ മാസവും അന്യഭാഷയെക്കുറിച്ചുള്ള വിഷയങ്ങൾ തുടരുകയാണ്. ഇനി രണ്ടു മാസത്തോടെ ഈ വിഷയം എഴുതി അവസാനിപ്പിക്കാമെന്ന് ഞാൻ കർത്താവിൽ ആഗ്രഹിക്കുന്നു.

**പദവി മോഹം പണത്താൻ ജയിച്ചു**

**യഥാർത്ഥ ദൈവവേല പണത്തിന്റെ**

**ത്തിന്റെ സ്വാധീനത്താൽ തോല്പിക്കപ്പെട്ടു.**

(C.S.I. സഭകളിലുള്ള എന്റെ വായനക്കാർക്കുവേണ്ടി മാത്രം ഈ ലറശൃേശമഹ എഴുതുന്നു)

C.S.I. സഭകളിൽ ബിഷപ്പുമാരുടേയും, അച്ചൻമാരുടെയും വിരമിക്കൽ പ്രായം 65 വയസ്സിൽ നിന്നും 67 വയസ്സുവരെ നീട്ടുവാൻ നിയമഭേദഗതി (Amendment) വരുത്തുവാൻ വേണ്ടി, ഭൂരിപക്ഷ C.S.I. അംങ്ങളുടെ അഭിപ്രായത്തിനെതിരായി, C.S.I. മോഡറേറ്റർ സുപ്രീം കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജിയിൽ ഹൈദരാബാദ് ഹൈക്കോടതി മുഖേന മോഡറേറ്റർക്കനുകൂലമായ വിധി വന്നു. അതു കൊണ്ട് മോഡറേറ്റർ, ഡെപ്യൂട്ടി മോഡറേറ്റർ ഇവരോടൊപ്പം ചില ബിഷപ്പുമാരും ചേർന്ന് അതിനെ ആഘോഷമാക്കി.

AUGUST 2016

തങ്ങളുടെ പദവികാലം രണ്ടു വർഷത്തേയ്ക്ക് നീട്ടിക്കിട്ടുവാൻ ഇവർ തെരഞ്ഞെടുത്ത കുംഭകോണവഴികൾ, C.S.I. ചരിത്രത്തിൽ അപമാനത്തിന്റെ ഒരു ഏടുകൂടി എഴുതിച്ചേർത്തു.

22 C.S.I. ഡയോസിസുകളിൽ ഈ നിയമഭേദഗതി (Amendments) ക്ക് എതിരായി പ്രവർത്തിച്ച അച്ചൻമാർക്കും സിനഡ് മെമ്പർമാരിൽ ചിലർക്കും പല പ്രതികൂലങ്ങളും നേരിടേണ്ടി വന്നു. ചില ഡയോസിസുകളിൽ ബിഷപ്പുമാർ, തങ്ങൾക്കെതിരായി പ്രവർത്തിച്ചവർക്ക് വക്കീൽ നോട്ടീസുകൾ അയച്ചു. ജാമക്കാരനിൽ ഈ വിഷയങ്ങളെക്കുറിച്ച് എഴുതിയ ഡോ. പുഷ്പരാജ് ആയ എനിക്കും വക്കീൽ നോട്ടീസ് ലഭിച്ചു.

**ജാമക്കാരനിൽ ഞാനെഴുതിയ വിവരങ്ങൾ ഒരു ബിഷപ്പിന് ജനങ്ങളുടെ ഇടയിൽ തനിക്ക് അപമാനമായി എന്നു പറഞ്ഞാണ് എനിക്ക് വക്കീൽ നോട്ടീസ് അയച്ചത്. അതിന്റെ വിവരങ്ങൾ ഇപ്പോൾ ഞാൻ പരസ്യപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ല.**

ഈ നിയമഭേദഗതികേസ് (Amendmends) കോടതിയിൽ വാദിക്കുവാൻ മോഡറേറ്റർ (സിനഡ്) ഹൈക്കോടതിയിലേയും സുപ്രീം കോടതിയിലേയും വക്കീലൻമാർക്ക് ചെലവഴിച്ച തുകയുടെ **കണക്ക് കോടികളുടേതാണ്**. ഒരു ഹൈക്കോർട്ട് വക്കീൽ നല്കിയ വിവരമനുസരിച്ച് സുപ്രീം കോടതിയിൽ കേസ് വാദിക്കുവാൻ ഒരു വക്കീൽ മണിക്കൂറിന് എത്ര ലക്ഷം വാങ്ങുമെന്നും, ഹൈക്കോടതിയിൽ കേസ് വാദിക്കുന്നതിന് ഒരു വക്കീൽ എത്ര ലക്ഷം വാങ്ങുമെന്നും അറിയിച്ചതോടൊപ്പം, നമ്മുടെ സിനഡ് ഈ നിയമഭേദഗതി (Amendmends) കേസിനുവേണ്ടി ആന്ധ്ര ഹൈക്കോടതിയിൽ വക്കീൽ എത്ര പ്രാവശ്യം വാദിച്ചുവെന്നും, സുപ്രീം കോടതിയിൽ എത്ര പ്രാവശ്യം എത്ര മണിക്കൂർ വക്കീൽ വാദിച്ചുവെന്നും എന്നോട് അറിയിച്ചു. അതിന് മൊത്തം ചെലവായ കോടികളുടെ ഏകദേശം കണക്ക് പറഞ്ഞപ്പോൾ, ഞാനും എന്നോടൊപ്പമിരുന്ന് കേട്ടവരും ഞെട്ടിപ്പോയി. **ആ കണക്കുകൾ അറിഞ്ഞാൽ നിങ്ങൾക്കും തല കറക്കം വരും.**

മോഡറേറ്റർ അവർകൾ റിട്ടയർമെന്റ് ആകാൻ ഇനിയും ചില മാസങ്ങളെ ഉള്ളൂ. ഈ ചില മാസങ്ങൾക്കുള്ളിൽ ഇതുവരെ ചെലവഴിച്ച ഈ തുകകളെല്ലാം, 22 ഡയോസിസ് ബിഷപ്പുമാരും സിനഡിൽ കൊടുത്തു തീർക്കണമെന്ന് പറയപ്പെടുന്നു. ഇത്രയും പണം ബിഷപ്പുമാർ എവിടെ നിന്നും കണ്ടെത്തും. മോഡറേറ്റർ ചിലവഴിച്ച പണം എവിടെനിന്നുമാണ് കണ്ടെത്തിയത്. ഈ പണമെല്ലാം 22 ഡയോസിലെയും വിശ്വാസികൾ ദൈവത്തിനു വേണ്ടി സമർപ്പിച്ച കാണിക്കകളാണ്.

ഇതു വായിക്കുന്ന എല്ലാ C.S.I. സഭാ വിശ്വാസികളും അച്ചൻമാരും, മാനസാന്തരപ്പെട്ട നല്ല C.S.I. ബിഷപ്പുമാരും, ഇപ്പോഴത്തെ C.S.I. യുടെ മോശമായ അവസ്ഥ മനസ്സിലാക്കി ഭാരത്തോടെ പ്രാർത്ഥിക്കേണ്ടത് അടിയന്തിര ആവശ്യമാണ്.

**22 ഡയോസിസിലും മാനസാന്തരപ്പെട്ട നല്ല ബിഷപ്പുമാർ ഉണ്ട്.** ഇവരിൽ നാലോ അഞ്ചോ പേർ എവിടെയെങ്കിലും ഒരുമിച്ച് കൂടി, എല്ലാ ഡയോസിസിന്റേയും ആത്മീയ മാറ്റത്തിനു വേണ്ടി മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഒരുമിച്ച് കൂടി പ്രാർത്ഥിച്ചാൽ തീർച്ചയായും C.S.I. യിൽ നല്ല മാറ്റങ്ങൾ സംഭവിക്കുവാൻ സാധ്യതയുണ്ട്.

ഭൂമിയിൽ വച്ച് നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും (മത്തായി 18:19 ).

ഓരോരോ ഡയോസിസുകളിലും ബിഷപ്പുമാർ, അച്ചൻമാർ ഡയോസിസ് ഭാരവാഹികൾ സഭാകമ്മറ്റികൾ ഇവർ നടത്തുന്ന തെറ്റായ പ്രവർത്തനങ്ങളും അഴിമതികളും കണ്ട് മനം നൊന്ത് സഭാ വിശ്വാസികൾ സമാധാനം അന്വേഷിച്ച് C.S.I. വിട്ട് മറ്റു സഭകളിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു.

ഇത് നേരിട്ടു കണ്ട എനിക്ക് വളരെയധികം മനോവിഷമം ഉണ്ടായി. ഈ ഭാരം ഇത് വായിക്കുന്ന നിങ്ങളുടെ ഉള്ളിലും ഉണ്ടാകണം.

ഇതിനുള്ള ഏക വഴി, നാം എല്ലാവരും കൂടി ചേർന്ന് ദൈവസന്നിധിയിൽ, കണ്ണുനീരോടെ പ്രാർത്ഥിക്കുക. ബിഷപ്പുമാരുടേയോ, അച്ചൻമാരുടേയോ ഡയോസിസ് ഭാരവാഹികളുടേയോ കമ്മറ്റിയംഗങ്ങളുടേയോ സ്വഭാവങ്ങളെ മാറ്റുവാൻ നമുക്ക് ആർക്കും കഴിയുകയില്ല. മാറ്റുന്നവർ ദൈവം മാത്രമാണ്.

'സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ' (സെഖ: 4:6)

ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ!!!

"ഞാൻ ബാലനായിരുന്നു, വൃദ്ധനായിത്തീർന്നു. നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ, സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല."

സങ്കീ: 37:25

കർത്തൃ ശുശ്രൂഷയിൽ

**ഡോക്ടർ. പുഷ്പരാജ്.**

# www.jamakaran.com

# അന്യഭാഷാ ഭാഷണം

## അദ്ധ്യായം – 5

അന്യഭാഷ വിശ്വാസികൾക്ക് അത്യാവശ്യമായ ഒന്നാണോ? എന്ന ചോദ്യത്തിന് ഉത്തരം തേടി ഞാൻ യാത്ര ചെയ്തു. അന്യഭാഷയക്ക് ഏറെ പ്രാധാന്യം നൽകുന്ന പെന്തക്കോസ്ത് പ്രസ്ഥാനത്തിലെ ബിരുദധാരികൾ, പാസ്റ്റർമാർ, ബൈബിൾ കോളേജ് അദ്ധ്യാപകർ, എഴുത്തുകാർ, പ്രശസ്തരായ പ്രസംഗകർ എന്നിവരെ നേരിൽ ചെന്ന് കണ്ടു. അവരോട് അഭിപ്രായങ്ങളും നിലപാടുകളും രേഖാമൂലം എഴുതിത്തരാനും അഭ്യർത്ഥിച്ചു. സ്നേഹപൂർവ്വം, സമയമെടുത്ത് പല ജോലികൾ മാറ്റി വച്ചു മറുപടികൾ എഴുതിത്തന്നു. അങ്ങനെ സഹകരിച്ച എല്ലാവർക്കും കർതൃനാമത്തിലും ജാമക്കാരന്റെ പേരിലും എന്റെ പേരിലുമുള്ള നന്ദി അറിയിക്കുന്നു.

കഴിഞ്ഞ ലക്കങ്ങളിൽ TPM സഭയുടെ മുൻ അദ്ധ്യക്ഷൻ **Pr.രാജൻ,** AOG സഭയുടെ മുൻ അദ്ധ്യക്ഷൻ, Bible College Professor, പ്രശസ്ത പ്രസംഗകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്ന **Pr.രാജമണി** എന്നിവരുടെ കത്തുകൾക്ക് വചനാനുസൃതമായ എന്റെ മറുപടിയും എഴുതി വരികയായിരുന്നല്ലോ.

ഞാനെഴുതിയതിൽ എവിടെയെങ്കിലും പിശകോ വചനാനുസൃതമല്ലാത്ത ഏതെങ്കിലുമുണ്ടെങ്കിൽ അവ ചൂണ്ടിക്കാണിച്ച് എഴുതിയാൽ ജാമക്കാരനിൽ പ്രസിദ്ധീകരിക്കാൻ ഒരുക്കമാണെന്ന് അറിയിക്കട്ടെ.

എനിക്ക് മറുപടി എഴുതിയ പ്രശ്സതരിൽ രണ്ടുപേരുടെ ലേഖനങ്ങളും അവയ്ക്കുള്ള മറുപടിയും ഈ ലക്കത്തിൽ പ്രസീദ്ധീകരിക്കുന്നു.

**1. Dr. T.S.Rajasekhar, Lecturer, SABC, Bengaluru.**

**2. Br. R.Stanly, BYM, Vellore.**

1. Dr. T.S.Raiasekhar

ഇദ്ദേഹത്തിന്റെ ബൈബിൾ കോളേജ് പഠന അറിവ്, അന്യഭാഷയെക്കുറിച്ചുള്ള നിലപാടുകൾ എന്നിവ വചനാനുസരണമല്ല. ബൈബിൾ കോളേജ് അധ്യാപക നായിട്ടുപോലും ബൈബിളിലെ എട്ടും പൊട്ടും അറിയാത്ത സാധാരണക്കാരനെപ്പോലെ സംസാരിക്കുന്നു. മറുപടി എഴുതിയ ആദ്യാവാചകവും, ആദ്യ പാരഗ്രാഫവും തന്നെ ഇദ്ദേഹത്തിന് വചനത്തിലുള്ള പ്രാഗത്ഭ്യം എന്തെന്ന് വെളിവാക്കുന്നു. മറുപടി ഇങ്ങനെ തുടങ്ങുന്നു.

"പരിശുദ്ധാത്മ നിറവ് രണ്ടാമത്തെ അനുഭവമല്ല. അ.പ്ര 2:38,39 അനുസരിച്ച് കർത്താവിങ്കലേക്ക് തിരിയുന്ന ഓരോരുത്തർക്കുമുള്ള വാഗ്ദത്തമത്രേ. ഇത് ലഭിക്കാൻ പരിശുദ്ധാത്മാവിനാൽ പാപബോധം ലഭിച്ച ഓരോരുത്തരും, തങ്ങളുടെ പാപവഴികളെ വെറുത്ത് ദൈവത്തോട് അനുതപിച്ച് യേശു തങ്ങളുടെ പാപങ്ങൾക്കു മരിച്ചു എന്ന് വിശ്വസിച്ച്, പാപങ്ങൾ ഏറ്റു ചൊല്ലി, വെള്ളത്തിൽ മുഴുകേൽ സ്താനമേറ്റ ശേഷം ദൈവത്തോട് ചോദിക്കുമ്പോൾ യേശുക്രസ്തുവിലൂടെ പരിശുദ്ധാത്മാവിനെ അച്ചാരമായി നൽകി, നമ്മെ മക്കളും അവകാശികളുമാക്കുന്നു.

വെറുതേ അനുതപിച്ചതുകൊണ്ടോ, യേശുവിനെ രക്ഷകൻ എന്ന് പറയുന്നതും വീണ്ടും ജനനം ആകില്ല! അതു അകാല പ്രജയായിരിക്കും.

ഇങ്ങനെയാണ് ഡോ.രാജശേഖർ തന്റെ മറുപടി ആരംഭിക്കുന്നത്. പരിശുദ്ധാത്മാവിനെ നാം കേൾക്കണം. ചോദിച്ചാലേ യേശുക്രിസ്തുവിലൂടെ ലഭിക്കുകയുള്ളൂ. ഇതിനായി അദ്ദേഹം വചനങ്ങളെന്നും നൽകുന്നില്ല."

വെറും 3 സ്ഥലങ്ങളിൽ മാത്രമേ പറയുന്നുള്ളൂ എന്നു വച്ച് അന്യഭാഷ സംസാരിക്കുന്നതിനെ നിരാകരിക്കാനാവില്ല എന്നും പറയുന്നു. കാരണം യെരുശലേം, സെസര്യം, എഫസോസ് എന്നിവിടങ്ങളിൽ ഒരേ രൂപത്തിലുള്ള അന്യഭാഷാ അനുഭവം ലഭിച്ചു. അതിനാൽ ഇത് എല്ലാവർക്കുമുള്ളതാണ് എന്നതാണ് ഡോ.രാജശേഖറിന്റെ വാദം.

## ഡോ.പുഷ്പരാജ് മറുപടി

മറുപടി എഴുതിയ ഡോ. രാജശേഖർ ഓരോ വചന ഭാഗങ്ങളുടെ ചരിത്ര പശ്ചാത്തലം, ഉദ്ദേശ്യം, ലക്ഷ്യം എന്നിവ ഇതുവരെ പഠിപ്പിട്ടില്ല എന്നു തോന്നുന്നു. എത്ര ബാലിശമായിട്ടാണ് വചനങ്ങളെ കൈകാര്യം ചെയ്യുന്നത്. 3 വ്യത്യാസ്ത

അനുഭവങ്ങളെ ഒന്നാണെന്ന് പറയുകയും അവ എല്ലാവർക്കും ആവശ്യമെന്നും പറയുന്നു. എത്ര തെറ്റായ വ്യാഖ്യാനം!

3 സ്ഥലങ്ങളിലുമായി– പ്രവചിച്ചു, ദൈവത്തെ മഹത്വപ്പെടുത്തി, പല ഭാഷകളെ സംസാരിച്ചു– എന്നിങ്ങനെ എഴുതിയിരിക്കുന്നു.

പക്ഷേ **ഡോ.രാജശേഖർ** പറയുന്നു. "ദൈവത്തിന്റെ ഉത്സാഹാ ആത്മാവ്, രക്ഷയുടെ സന്തോഷത്താൽ നമ്മെ നിറയ്ക്കുമ്പോൾ നമ്മുടെ വായ് നമ്മെ അറിയാതെ തന്നെ തുറന്ന് ദൈവ മഹത്ത്വത്തെ, രഹസ്യത്തെ, വാർത്തകളെ–അന്യഭാഷ (ഭാഷകൾ അല്ല എന്നതു ശ്രദ്ധിക്കുക). എന്നൊരു ഭാഷയിലൂടെ സംസാരിക്കുന്നു. കൂടാതെ പരിശുദ്ധാത്മാവിൽ നിറയുന്നവരൊക്കെ അന്യഭാഷയിൽ സംസാരിക്കണം" എന്നൊരു പുതിയ കല്പനയും നൽകുന്നു.

"കൂടാതെ അന്യഭാഷ സംസാരിക്കുന്ന ഒരു വ്യക്തിയെ നോക്കി നിങ്ങളുടെ ഈ ഭാഷയ്ക്ക് അർത്ഥമെന്ത്? എന്ന് ചോദിക്കുന്നത് രോഗസൗഖ്യവരമുള്ള ഒരു വ്യക്തിയെ നോക്കി നിങ്ങൾ സൗഖ്യമാക്കിയ ഈ വ്യക്തിയിൽ നിന്ന് കൃമികളെ എങ്ങനെ നശിപ്പിച്ചു? ഏത് വഴിക്ക് സൗഖ്യം വന്നു? എന്ന് ചോദിക്കുന്നതിന് തുല്യമത്രേ" എന്നു പറയുന്നു.

ഇങ്ങനെ അർത്ഥശൂന്യമായ മറുപടി ഈ പ്രൊഫസർക്കല്ലാതെ മറ്റാർക്കെങ്കിലും നൽകാനാകുമോ? ............ സണ്ടേസ്കൂൾ പഠിക്കുന്ന കുഞ്ഞുങ്ങൾ ഇതിനേക്കാൾ നല്ല മറുപടി പറയുമല്ലോ!!

1 കൊരി 14:1 അനുസരിച്ച് **ദൈവത്തോട് സംസാരിക്കുന്നു** എന്നു പറയുന്ന നല്ലത്. പക്ഷേ നാം കണ്ടു വരുന്നത് അങ്ങനെയല്ലല്ലോ! ഒച്ചപ്പാടും ബഹളവുമല്ലേ! അടുത്തിരിക്കുന്നവർക്കും, അയൽപക്കക്കാർക്കും, നാട്ടുകാർക്കും സ്വസ്ഥത നൽകാതെ അസ്വസ്ഥത സൃഷ്ടിച്ച് അമിട്ട് പൊട്ടിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കലല്ലേ നടക്കുന്നത്. ഇങ്ങനെയാണോ ദൈവത്തോട് സംസാരിക്കുന്നത്? ഉല്പത്തി മുതൽ യൂദാ ലേഖനം വരെ ദൈവത്തോട് സംസാരിക്കാൻ ഇങ്ങനെയുള്ള മാതൃകളാണോ ഡോ.രാജശേഖർ പഠിച്ചത്? ഹാ പഠിപ്പിന്റെ ആഴമോ! എന്തു കഷ്ടം! ഇവരൊക്കെ പഠിക്കുന്നത് ഏത് ബൈബിളിലാണോ ആവോ! ഇവരുടെയൊക്കെ പഠിപ്പിര് കേൾക്കുന്ന ബൈബിൾ സ്കൂൾ വിദ്യാർത്ഥികളെ ദൈവം തരണ രക്ഷിക്കണം! ഒരു വചനത്തിന്റെ അർത്ഥം ശരിക്ക് പറഞ്ഞു കൊടുത്താനറിയാത്ത ഇദ്ദേഹം ഏതൊക്കെ വിഷയം എങ്ങനെയൊക്കെ പഠിപ്പിക്കും? വായനക്കാർ ചിന്തിക്കുക!

അപശബ്ദങ്ങൾ കൊണ്ട് ആശയവിനിമയം പോലും നടക്കാതിരിക്കെ ആത്മിക വർദ്ധനവ് എന്ന് പറയുന്നു. ഇപ്പോഴാണ് പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷം പേരും വചനം ഇല്ലാതെ അർത്ഥശൂന്യമായ, സാക്ഷ്യമില്ലാത്ത, ലക്ഷ്യമില്ലാത്ത, നിത്യതയുടെ ദർശനമില്ലാത്ത, ആത്മഭാരമില്ലാത്ത ജീവിതം നയിക്കുന്നതിന്റെ പൊരുൾ മനസ്സിലാകുന്നത്!!

കത്തിൽ പറയുന്ന രക്ഷയുടെ അനുഭവം. അതിൽ പാതി ശരിയുണ്ട്. പൂർണ്ണമായും ശരിയല്ലതാനും!

രക്ഷിക്കപ്പെടുവാൻ ബൈബിൾ പറയുന്ന വ്യവസ്ഥ പ്രകാരമല്ല ഇന്ന് നടന്നുവരുന്നത്. ഭൂരിപക്ഷം പേരും അനുതാപവും മാനസാന്തരവും രക്ഷ എന്ന് തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. അനുതാപവും മാനസാന്തരവും രക്ഷയ്ക്കുള്ള ആദ്യപടിയാണ് രക്ഷയല്ല.

ഇന്ന് പരിശുദ്ധാത്മാവിന്റെ പ്രധാന പ്രവർത്തന മണ്ഡലം രക്ഷയുടേതാണ്. ഒരു വ്യക്തിയിൽ മാനസാന്തരത്തിനായി പാപബോധം ഉളവാക്കുന്നതു മുതൽ വിശ്വാസിയെ സ്വർഗ്ഗത്തിൽ എത്തിക്കുന്നതു വരെയുള്ള പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം പരിശുദ്ധാത്മാവിന്റേതാണ്. " അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും. അവർ എന്നിൽ വിശ്വസി ക്കായത് കൊണ്ട് പാപത്തക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകയും നിങ്ങൾ ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ട് നീതിയെക്കുറിച്ചും ഈ ലോക ത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നേ". യോഹ 16:8–11.

പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തുന്നു. "അവർ എന്നിൽ വിശ്വസിക്കുന്നില്ല" എന്നത് മനുഷ്യൻ ഇപ്പോഴും പാപത്തിൽ ഇരിക്കുന്നു എന്നതിന്റെ തെളിവാണ്.

പുനരുത്ഥാന സ്വർഗ്ഗാരോഹണങ്ങളിലൂടെ ക്രിസ്തുവിന്റെ നീതി തെളിയിക്കപ്പെട്ടു. സാത്താൻ വിധിക്കപ്പെട്ടതു ഭാവി ന്യായവിധിക്ക് തെളിവാണ്. സാത്താൻ വിധിക്കപ്പെട്ടത് ക്രൂശിലാണ്.

ബോധം വരുത്തുക എന്ന ആത്മാവിന്റെ പ്രവൃത്തി തികച്ചും യുക്ത്യാധിഷ്ഠിമായ ക്രമത്തിലാണ്. ഒന്നാമതായി: മനുഷ്യന്റെ പാപാവസ്ഥ **ബോധ്യപ്പെടുത്തുന്നു.** രണ്ടാമതായി: ആ പാപത്തിൽ നിന്നും അവനെ രക്ഷിക്കുവാൻ കഴിയുന്ന രക്ഷകന്റെ

നീതിയുടെ **തെളിവു നൽകുന്നു.** മൂന്നാമതായി: രക്ഷകനെ സ്വീകരിച്ചില്ലെങ്കിൽ താൻ അഭിമുഖീകരിക്കേണ്ട ശിക്ഷാവിധിയെക്കുറിച്ച് അവനെ **ബോധവാനാക്കുന്നു.**

ഈ ക്രമം വചനത്തിൽ കൊടുത്തിരിക്കുന്നത് നോക്കുക. "യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ് കൊണ്ട് രക്ഷക്കായി ഏറ്റുപറയുകയും ചെയ്യുന്നു. റോമ 10:9,10.

ആദ്യം ഹൃദയത്തിൽ ബോധം വരുത്തുകയും **ബോധം അനുതാപത്തിലേക്കും അനുതാപം വിശ്വാസത്തിലേക്കും നയിക്കുന്നു. ഹൃദയത്തിലുള്ള വിശ്വാസത്തിന്റെ പ്രത്യക്ഷഭാവമാണ് വായ്കൊണ്ടുള്ള ഏറ്റു പറച്ചിൽ.** ഈ നിമിഷം മുതൽ യേശുക്രിസ്തു എന്റെ കർത്താവ് (ആത്മ ഭർത്താവ്) എന്ന് ഏറ്റു പറഞ്ഞ് ഉടമ്പടിയിലെത്തനം.

ഇങ്ങനെയൊരു ഉടമ്പടിയിൽ എത്താതെ എന്റെ വായനക്കാരിൽ ആരെങ്കിലുമുണ്ടെങ്കിൽ ഇപ്പോഴാകുന്നുതു പ്രസാദകാലം, ഇപ്പോഴാകുന്നു രക്ഷാദിവസം. ഇപ്പോൾ ഇപ്പോൾത്തനെ ഈ നല്ല അവസരം പാഴാക്കാതെ ഏറ്റുപറയുക:

"കർത്താവേ ഞാൻ ഒരു പാപി എന്ന മനസ്സിലാക്കുന്നു. എന്റെ പാപങ്ങളുടെ പരിഹാരത്തിന്, എന്റെ ശിക്ഷാവിധിയിൽ നിന്ന് രക്ഷിക്കുവാൻ അങ്ങ് സ്വർഗ്ഗം വിട്ട് കടന്നുവരികയും, കുരിശിൽ മരിച്ച്, അടക്കപ്പെട്ട്, നാൾ ഉയിത്തെഴുന്നേല്ക്കുകയും ചെയ്തു. ഇപ്പോൾ പിതാവിന്റെ വലതു ഭാഗത്തുള്ള അങ്ങ് താമസം വിനാ വീണ്ടും കടന്നു വന്നു എന്നെ ചേർക്കുമെന്നും വിശ്വസിക്കുന്നു. ഈ നിമിഷം മുതൽ എന്റെ ജീവിതം, എന്റെ ദേഹം ദേഹി ആത്മാവ് അങ്ങേക്കു നൽകുന്നു. അങ്ങ് എന്നെ നിയന്ത്രിച്ച് നടത്തിയാലും അങ്ങ് കൃപയാൽ എന്റെ വിശ്വാസത്തെ മാനിച്ച് എന്നെ അംഗീകരിച്ചതിന് നന്ദി. അങ്ങയുടെ മകൻ/മകളാക്കിയതിന് നന്ദി".

ഈ പ്രാർത്ഥ ഏറ്റു ചൊല്ലുന്ന സെക്കൻഡിൽത്തനെ നിങ്ങൾ ദൈവമക്കളായി. പരിശുദ്ധാത്മാവിനാൽ പാപബോധമുണ്ടായ നിങ്ങൾക്കു വീണ്ടും ജനിച്ച ഈ സെക്കൻഡിൽത്തന്നെ ആദ്യം സമ്മാനമായി **പരിശുദ്ധാത്മാവിനെ കർത്താവ് തന്നു** കഴിഞ്ഞു. റോമ 5:5 എഫേ 1:13,14 രക്ഷിക്കപ്പെട്ട നിങ്ങളിൽ പരിശുദ്ധാത്മാവ് ഇപ്പോൾ 53 കൂട്ടും കാര്യങ്ങൾ ചെയ്തു കഴിഞ്ഞു. !!ദൈവ കൃപാധനത്തിന്റെ ഉള്ളടക്കം എത്ര മഹത്തരം!!!

**BLESSING YOUTH MISSION**
(A Registered Religions & Charitable Society)
P.B. Bag No. 609, 42 943, 42828 Telegram: Blessing



**R.Stanly**
Founder & General Secretary

February 1997

പിയ സഹോദരന്,

യേശു ക്രിസ്തുവിന്റെ ധന്യനാമത്തിൽ സ്നേഹവന്ദനങ്ങൾ. 1997 ഫെബ്രുവരി 17 ന് താങ്കൾ അയച്ച കത്ത് കിട്ടി. ഒരാഴ്ചയ്ക്കു മുമ്പാണ് താങ്കൾ അയച്ച കത്ത് മുഴുവനും വായിക്കാനായത്. ജാമക്കാരനിൽ വന്ന ലേഖനങ്ങലെക്കുറിച്ചുള്ള ശബ്ദങ്ങൾ എന്റെ കാതിൽ കേട്ടുകൊണ്ടിരിക്കുന്നു.

1963 മുതൽ ആത്മീക വർദ്ധനവിന് ഈ കൃപാവരത്തെ പ്രയോജനപ്പെടുത്തി വരുന്നു. പെന്തക്കോസ്ത്, പെന്തക്കോസ്ത ഇതര സഭാവിഭാഗങ്ങളിലെ പണ്ഡിതന്മാർ പരിശുദ്ധാത്മാവിനെക്കുറിച്ച് എഴുതിയിട്ടുള്ളവ വായിച്ചിട്ടുണ്ട്. രണ്ട് കൂട്ടർ പറയുന്നതിലും ശരിയും തെറ്റുമുണ്ട്.

കൃപാവരങ്ങളും അവയുടെ ഉപയോഗവും പറഞ്ഞു വരവേ, അപ്പോസ്തലൻ "നമ്മുടെ അറിവ് അപൂർണ്ണമാണ്" എന്നുള്ള വാക്യം ഈ വിഷയങ്ങളെക്കുരിച്ച് എഴുതുമ്പോൾ ഓർക്കുന്നത് നന്ന്.

നിങ്ങളുടെ സഹോദരൻ,
ആർ.സ്റ്റാൻലി

**ശ്രദ്ധക്ക് : ഡോ.ആർ.സ്റ്റാൻലി** (Bym, Vellore) അവർകൾ BYM സ്ഥാപനത്തിൽ നിന്ന് ആയ ശേഷം ബൈബിൾ പഠന ശുശൂഷയിൽ വ്യാപ്യൃതനായിരിക്കുന്നു.

കഴിഞ്ഞ ലക്കങ്ങളിൽ എഴുതിയതുപോലെ അന്യാഭാഷ വിഷയത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ അറിയാൻ ഞാൻ നേരിൽ കണ്ട പെന്തക്കോസ്ത്. കരിസ്മാറ്റിക് നേതാക്കളിൽ ഒരാളാണ് Bro.R.Stanly പെന്തക്കോസ്ത പ്രസ്ഥാനത്തിലെ വേദ പണ്ഡിതാന്മാരിൽ ഒരാളാണ് ഇദ്ദേഹവും.

ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ് വീട്ടിൽ വിശ്രമിക്കുമ്പോഴും, വീടുതേടിപ്പോയപ്പോൾ ഹാർദ്ദവമായി സ്വീകരിക്കുകയും, ഒരു മണിക്കൂറിലധികം ഈ വിഷയത്തെക്കുറിച്ച്

സംസാരിച്ച കാര്യങ്ങൾ ഒരു വിശദീകരണലേഖനമായി അയച്ചുതരികയും ചെയ്തു. Bro.R.Stanly യ്ക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി.

Bro.R.Stanly എഴുതിയ കത്തിൽ നിന്ന് തെരഞ്ഞെടുത്ത ഭാഗങ്ങൾക്കു മാത്രം മറുപടി എഴുതാനാഗ്രഹിക്കുന്നു. തന്റെ കത്തിന്റെ തലക്കെട്ട് **''അന്യഭാഷ ആവശ്യമുള്ളതാണോ''** എന്നത്രേ!

തന്റെ കത്തിന്റെ ആരംഭമായി താനുദ്ധരിച്ച വചനം ''എല്ലാവരും ഭ്രമിച്ച് ആശ്ചര്യപ്പെട്ടു. ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ച് കേൾക്കുന്നത് എങ്ങനെ? (അ.പ്ര 2:7–12) ഈ വചനമനുസരിച്ച്

''120 ശിഷ്യന്മാരും കർത്താവിന്റെ കല്പനയനുസരിച്ച് **സ്തുതിയോടും, യാചനകളോടും,** കാത്തിരുന്നതിനാലാണ് പരിശുദ്ധാത്മാവ് ഇറങ്ങി വന്നത്'' എന്ന് എഴുതുന്നു.

അ.പ്ര 2–ാം അദ്ധ്യായത്തിൽ ഒരിടത്തെങ്കിലും **''സ്തുതികൾ, യാചനകൾ'' എന്ന പദമേയില്ല ''കൈകളടിച്ച്,** സ്തുതിയിൽ പരിശുദ്ധാത്മാവ് ഇറങ്ങിവരും എന്ന തെറ്റായധാരണ വച്ചു പുലർത്തുന്നതിനാൽ'' അതിനനുയോജ്യമായി എല്ലാവരും ചെയ്യാനായി **വചനത്തിൽ കൂട്ടിച്ചേർത്ത്,** വളച്ചൊടിച്ച് വ്യഖ്യാനിക്കുകയാണിവിടെ.

പെന്തക്കോസ്ത് സഭകളിൽ ''യെരീഹോ പട്ടണത്തെ 7 തവണ വലംവച്ച് ഉറച്ച ശബ്ദത്തോടെ **സ്തുതിച്ചതിനാൽ** യെരീഹോ മതിൽ വീണു'' എന്ന് പലർ പ്രസംഗിക്കുന്നത് കേട്ടിരിക്കുന്നു.

പെന്തക്കോസ്തുകാർ വചനത്തെ എങ്ങനെ വളച്ചൊടിക്കുന്നു എന്ന് നോക്കുക. വചനമിപ്രകാരമാണ് പറയുന്നത്. **''ജനം ആർപ്പിടുകയും** പുരോഹിതന്മാർ കാഹളം ഊതുകയും ചെയ്തു. (യോശു 2:20).

പെന്തക്കോസ്തുകാർ സ്വയ വ്യാഖ്യാനമായി **''സ്തുതിച്ചു'' എന്ന് ചേർത്തിരിക്കുന്നു.** ഇതുപോലെയാണ് Bro.R.Stanlyയും അവർക്കും ''മാളികമുറിയിൽ **സ്തുതികളോടും യാചനകളോടും** കാത്തിരിരുന്നു'' എന്നെഴുതുന്നത്. ഈ രണ്ട് പദങ്ങളും പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ് ചേർത്തിരിക്കുന്നത്!

അടുത്തതായി Bro.R.Stanly പറയുന്നത് ശ്രദ്ധിക്കുക. ''പെന്താക്കോസ്ത നാളിൽ മാളികമുറിയിൽ രണ്ട് വലിയ അടയാളങ്ങൾ കാണപ്പെട്ടു.1)മുഴക്കം 2) അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ. ഇവയെല്ലാറ്റിനെക്കാളും കൂടി വന്ന ജനങ്ങളെ

**ആശ്ചര്യത്തിലാക്കിയത്**-ശിക്ഷ്യന്മാർ സംസാരിച്ച **വിവിധ ഭാഷകൾ**-അത്രേ (അ.പ്ര.2:1-12). ഇതിലൂടെ അന്യഭാഷാ **ഉപദേശത്തിന് പ്രാധാന്യം നൽകാൻ ആഗ്രഹിക്കുന്നു.**

" ഒരു വ്യക്തിയോട് പരിചയപ്പെടാൻ ഭാഷ ആവശ്യമുള്ളതു പോലെ ഹൃദ്യബന്ധത്തിന്- സംസാരം അഥവാ ഭാഷ അത്യാവശ്യമത്രേ! ദൈവം തന്നിരിക്കുന്ന വരമാണ്- അന്യഭാഷാ. ഇതിനായി ദൈവത്തെ സ്തുതിക്കാം". Bro.R.Stanly പറഞ്ഞിരിക്കുന്ന അത്രയും വിവരങ്ങൾ തെറ്റായവയാണ്

Bro.R.Stanly എഴുതിയതു പോലെ ഭാഷാവരം ആത്മമണ്ഡലത്തിൽ ദൈവത്തോട് **സംസാരിക്കാൻ നൽകിയതല്ല.** അന്യഭാഷയിൽ എല്ലാവരും സംസാരിക്കുന്നില്ല (1 കൊരി 12:30) എന്ന് വചനം പറയുന്നത് ശ്രദ്ധിക്കുക!

ആത്മ മണ്ഡലത്തിൽ പൈശാചിക ആത്മാക്കളോട് സംസാരിക്കുന്നവർ ഉണ്ട് കോയമ്പത്തൂർ, ഈറോഡ്, ചെന്നൈ, തൃശ്ശൂർ തുടങ്ങി പല സ്ഥലങ്ങളിൽ പൈശാചിക ആത്മാക്കളോട് സംസാരിക്കിന്ന ക്രിസ്ത്യാനികൾ ഉണ്ട്. അവർ ആത്മാക്കളോട് സംസാരിക്കുന്നതിന് മുമ്പ് **ഓം റീം ഉം......** തുടങ്ങി പലപദങ്ങൾ ആവർത്തിച്ച് ഉരുവിട്ട് അതിനുശേഷം ആത്മ മണ്ഡലത്തിൽ പ്രവേശിച്ച് ആത്മാക്കളോട് സംസാരിക്കുന്നു.

Bro.R.Stanly പറയുന്നതിനനുസരിച്ച് തന്നെ പെന്തക്കോസ്തു മണ്ഡലത്തിലെ അന്യാഭാഷാഭാഷണങ്ങൾ കാണപ്പെടുന്നു. **ഷങ്കരബലാ-ഷക്കരബലാ-ക്കൊത്തത്താ-ത്തത്തത്-ഊ ഊ ഊ** തുടങ്ങിയ പദങ്ങളും, അപശബ്ദങ്ങളും,.... യോഗങ്ങളിൽ കേൾക്കാം.

ഇതാണോ ഇങ്ങനെയാണോ ആത്മമണ്ഡലത്തിൽ ദൈവത്തോട് സംസാരിക്കുന്നത്? അന്യാഭാഷയെ ഞാൻ കൊന്തനും കുത്തുന്നു എന്ന് നിങ്ങൾ പറഞ്ഞാലും ഞാൻ ദുക്ഖിക്കുന്നില്ല.

ലോകം മുഴുവൻ പെന്തക്കോസ്തരുടെ അന്യഭാഷയെന്ന അപശബ്ങ്ങൾ കേട്ട് ചിരിക്കുന്നു. പ്രത്യേകിച്ച് പെന്തക്കോസ്ത് ഭവനങ്ങളിലെ കുഞ്ഞുങ്ങളും, യുവാക്കളും പാസ്റ്റർ, പറയുന്ന അന്യഭാഷ കേട്ട് ചിരിക്കുയും അനുകരിക്കുകയും ചെയ്യുന്നു. ഭാഷാവരം സഭയ്ക്ക് നൽകിയ വരങ്ങളിൽ ഒന്നു മാത്രമാണ് 1 കൊരി 14;1,2 എന്നീ വചനങ്ങൾ വച്ച് അന്യഭാഷ ദൈവത്തോടെ സംസാരിക്കാനുള്ളത് എന്ന് പറയും പക്ഷേ അതിന്റെ വീശദീകരണം ഞാൻ നൽകാം കാത്തിരിക്കുക.

മാളികമുറിയിൽ ശിഷ്യന്മാർ സംസാരിച്ച വിവിധാഭാഷകൾ അർത്ഥമുള്ളവ തന്നെയെന്നും അവ അവിടെയിരുന്നവർക്ക് മനസിലായി എന്നും Bro.R.Stanly ശരിയായി എഴുതിയിരിക്കുന്നു. നന്ദി.

അടുത്ത് എഴുതുമ്പോൾ Br.R.Stanlyയ്ക്ക് വ്യക്തതയില്ല, മറ്റുള്ളവരെയും കുഴപ്പിക്കുന്നു. പറഞ്ഞു വരുന്നതു അങ്ങനെയാണ്. **"എല്ലാ ഭാഷകൾക്കും അർത്ഥം ഉണ്ടെന്ന് കരുതരുത്".** അതായത് അന്യഭാഷക്ക് അർത്ഥം വേണ്ട എന്ന് പറയാതെ പറഞ്ഞൊപ്പിക്കാൻ ശ്രമിക്കുന്നു. വചനം പറയുന്നത് ശ്രദ്ധിക്കുക, തീരുമാനമെടുക്കുക.

**"കാഹളം തെളിമില്ലാത്ത നാദം കൊടുത്താൽ പടയ്ക്ക് ആർ ഒരുങ്ങും. അതു പോലെ നിങ്ങളും നാവുകൊണ്ട് തെളിവായ വാക്ക് ഉച്ചരിക്കാത്താൽ സംസാരിക്കുന്നത് എന്തെന്ന് എങ്ങനെ അറിയും? നിങ്ങൾ കാറ്റിനോട് സംസാരിക്കുന്നവർ ആകുമല്ലോ? ലോകത്തിൽ വിവിധ ഭാഷകൾ അനവധി ഉണ്ട്. അവയിൽ ഒന്നും തെളിവില്ലാത്തതല്ല"** 1 കൊരി 14:8–10.

''പെന്തക്കോസ്ത് നാളിൽ സംസാരിച്ച വിവിധ ഭാഷകൾ ജനങ്ങളെ ആകർഷിക്കാൻ വേണ്ടി മാത്രം" എന്നെഴുതിയിരിക്കുന്നു. ഇത് വളരെ തെറ്റാണ്!

ഭാഷകൾ എന്തിന് ജനങ്ങളെ ആകർഷിക്കണം. ഇതിന് മറുപടി മെയ് ലക്കം ജാമാക്കാരനിൽ എഴുതിയിരിക്കുന്നതു ഓർക്കുന്നുണ്ടല്ലോ.

അന്ന് ആത്മാവ് നൽകിയതനുസരിച്ച് വിവിധ ഭാഷകൾ സംസാരിച്ചത് ആകർഷിക്കാനല്ല, മറിച്ച് അറിയിക്കാനാണ്. വചനം പറയുന്നത് ശ്രദ്ധിച്ചാലും... നാം ഈ നമ്മുടെ ഭാഷകളിൽ അവർ **ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നത് കേൾക്കുന്നുവല്ലോ** എന്ന് പറഞ്ഞു. (അ.പ്ര 2:11). ഇക്കാര്യം ആ്യ.ഞ.ടമേിഹ്യ കണ്ടിട്ടും കണ്ടില്ലെന്ന് അഭിനയിച്ചിരിക്കുന്നു.

ദൈവത്തിന്റെ വൻകാര്യങ്ങൾ എന്തെന്നറിയാൻ ചരിത്രപഥങ്ങളിലേക്ക് പിന്നീട് നോക്കണം. ആ വിശദീകരണം മെയ് ലക്കം ജാമക്കാരനിൽ വായിച്ചാലും ആവർത്തന വിരസത വേണ്ടല്ലോ?

ദൈവത്തിന്റെ വൻകാര്യങ്ങൾ കേട്ട് കൂടി വന്ന ജനം–നാം പറയുന്ന, ചിന്തിക്കുന്ന കാര്യങ്ങൾ തന്നെയാണ് ഇവരും പറയുന്നത്. നമ്മുടെ പിതാക്കാന്മാർ ദൈവമഹത്വം പാടി, തലമുറകൾക്കും കൈമാറിയിരുന്നു. ഇപ്പോൾ ശിഷ്യന്മാർ അതേ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നല്ലോ. നാമും ഇവരും ഒന്നു തന്നെ, നമ്മുടെ **യാവേ** (യഹോവയെ)

ത്തന്നെ ഇവരും ആരാധിക്കുന്നു എന്ന് കൂടി വന്ന ജനങ്ങളും അവരുടെ നാടും മനസ്സിലാക്കാൻ ദൈവം ചെയ്ത ഏർപ്പാടാണ് ഈ വിവിധ ഭാഷകളിലൂടെ വന്ന ദൈവ മഹത്വങ്ങൾ!

ആ സമയത്ത് പത്രോസ് ചെയ്ത് പ്രസംഗത്തിലൂടെ ആ ജനങ്ങൾ യേശു തന്നെ മിശിഹാ/ക്രിസ്തു എന്ന് അംഗീകരിച്ചു, ക്രിസ്തുമാർഗ്ഗത്തിനായി!

ആരംഭത്തിൽ Bro.R.Stanly വചനത്തെ വളച്ചൊടിച്ചതുപോലെ അപ്പോ. പൗലോസിന്റെ വിഷയത്തിലും വളച്ച് തിരിക്കുന്നു. പൗലോസ് കൊരിത്തയ്ർക്ക് ലേഖനം എഴുതുമ്പോൾ, താനധികം ഭാഷകൾ സംസാരിക്കുന്ന **വരം** ലഭിച്ചിരിക്കുന്നു വചനം പറയുന്നത് ശ്രദ്ധിച്ചാലും:

“നിങ്ങളെല്ലാവരിലും അധികം അന്യാഭാഷകളിൽ ഞാൻ സംസാരിക്കുന്നതു കൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു” –1 കൊരി 14:18

ഇവിടെ എവിടെയാണ് **‘വരം’** എന്ന വാക്ക് പ്രയോഗിച്ചിരിക്കുന്നത്? “ഭാഷാവരത്തെ ലഭിച്ചിരിക്കുന്നു” എന്നാണോ എഴുതിയിരിക്കുന്നത്? ഇല്ലല്ലോ.

പാസ്റ്റർ, രാജമണി തന്റെ വാദത്തിനായി തന്റെ വാദം അംഗീകരിക്കാനായി വചനത്തെ മാറ്റി എഴുതിയതു പോലെയാണ് ഇവിടെ ആ്യ.ഞ.ടമേിഹ്യയും ചെയ്യുന്നത്.

ഞാൻ മെയ് ലക്കം ജാമക്കാരനിൽ എഴുതിയതുപോലെ അപ്പോ. പൗലോസാണ് വിജജാതീയരുടെ ഇടയ്ക്ക് അധികം ദേശങ്ങളിലും നാടുകളിലും ചെന്ന് സുവിശേഷം അറിയിച്ചത്. ഓരോ സ്ഥലത്തും അവിടുത്തെ ഭാഷയിൽ സരളമായി സംസാരിച്ചിലേ സുവിശേഷം പങ്കുവയ്ക്കാനാകൂ. ഇതിനാലാണ് മറ്റ് അപ്പോസ്തന്മാരേക്കാൾ, കൊരിന്ത് സഭയിൽ വിവിധ ഭാഷകൾ സംസാരിക്കുന്നവരേക്കാൾ അധികം ഭാഷകളിൽ (അധികം ഭാഷയിൽ അല്ലേ!) സംസാരിക്കുന്നു എന്ന് പ്രസ്താവിച്ചത്.

Br.R.Stanly തന്റെ ഉപദേശത്തിന് സൗകര്യമായി അപ്പോ പൗലോസ് പറഞ്ഞ വിവിധഭാഷകൾ എന്ന പ്രയോഗത്തോടുകൂടി വരം എന്ന പദം കൂടി കൂട്ടിച്ചേർത്തു. ഇതിലൂടെ സഭായോഗങ്ങളിൽ സംസാരിക്കുന്ന അന്യഭാഷ (ഭാഷകളല്ലല്ല എന്നത് ശ്രദ്ധിച്ചാലും) വചനാനുസരണം തന്നെ അംഗീകാരം വാങ്ങാനുള്ള നടപടിക്ക് മുൻ കൈയെടുക്കുന്നു.

Br.R.Stanly അടുത്തതായി പറയുന്ന തെറ്റായ കാര്യം “അന്യഭാഷാ വരത്തെ (ഭാഷകളെയല്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക) വാഞ്ചിരിപ്പിൻ എന്നത്രേ!

വചനം പറയുന്നത് ശ്രദ്ധിക്കുക.

"അതുകൊണ്ട് സഹോദരന്മാരേ, പ്രവചനവരം വാഞ്ഛിപ്പിൻ" (1 കൊരി 14:39).

മുൻപ് എഴുതിയത് വീണ്ടും ആവർത്തിക്കുന്നു "വരം ദൈവത്തിന്റെ സമ്മാനമാണ്. സമ്മാനം ചോദിച്ചു വാങ്ങുന്നത് അല്ലല്ലോ"!

9 വരങ്ങളിൽ ഭാഷാവരം മാത്രമാണ് "ദൈവോന്മുഖമായ വരം" എന്നതാണ് ് അടുത്ത പോയിന്റ്.

ഇവിടെ രണ്ട് തെറ്റുകളുണ്ട്. 1) വരങ്ങൾ 9 അല്ല വരങ്ങളുടെ എണ്ണം 22 ആണ് (വചന പണ്ഡിതനായ Bro.R.Stanlyയ്ക്ക് വരങ്ങളുടെ എണ്ണം പോലും അറിയില്ല എന്നത് എനിക്ക് ആശ്ചര്യമായിരിക്കുന്നു.)

2) അന്യഭാഷാ വരം ദൈവം സഭായോഗങ്ങളിൽ കടന്നു വന്നിരിക്കുന്ന ജനങ്ങളോട്സംസാരിക്കുന്ന മാധ്യമമത്രേ! മനുഷ്യൻ ദൈവത്തോട് അന്യഭാഷയിൽ സംസാരിക്കേണ്ട! അവരുടെ മാതൃഭാഷയിൽ പ്രാർത്ഥിച്ചാൽ മതിയാവും! **ദൈവത്തിന് എല്ലാ ഭാഷകളും അറിയാം.** പ്രാർത്ഥനയിൽ കഷ്ടപ്പാടിന്റെ അംശം തന്ന് വേദനിപ്പിക്കുന്ന ദൈവമല്ല, നമ്മുടെ ദൈവം!

പൗലോസ് പറഞ്ഞതിന് നേരെ വിപരീതാമായിട്ടാണ് Bro.R.Stanly ഇവിടെ പറയുന്നത്. 22 വരങ്ങളിൽ " പ്രവചന വരം വാഞ്ഛിപ്പിൽ (ആഗ്രഹിപ്പിൻ)" എന്നാണ് പറയുന്നത് **ഭാഷാ വരം വാഞ്ഛിപ്പിൻ എന്നല്ല.**

ഒരു കാര്യം കൂടെ ശ്രദ്ധിക്കേണ്ടത്. പ്രവചന വരം ചോദിപ്പിൻ എന്നല്ല വചനം പറയുന്നത്. **വാഞ്ഛിപ്പിൻ** എന്നതും **ചോദിപ്പിൻ** എന്നതും രണ്ടും രണ്ടാണ്.

പ്രവചനം എന്നാൽ ജനത്തിന് ദൈവം നൽകുന്ന സന്ദേശം എന്നർത്ഥം, സന്ദേശം അരുളിച്ചെയ്യുന്നത് ദൈവമാത്മാവിനുള്ള പങ്ക് അനിഷേധ്യമാണ്. മീവാ 3:8.

പ്രവചനത്തിന്റെ ദൈവനിശ്വാസ്യതയിൽ ദൈവമാണ്. പ്രവാചകൻ മാധ്യമം മാത്രം.

പഴയനിയമ പ്രവചനങ്ങളുടെ നിറവേറലാണ് പുതിയനിയമം ന്യായപ്രമാണവും, പ്രവാചക പുസ്തകങ്ങളും, സങ്കീർത്തനങ്ങളും സാക്ഷ്യപ്പെടുത്തുന്നത് ക്രിസ്തുവിനെ യാണ്. ലൂക്കോ 24:25,27,44, യോഹ 1:45, 5:39, 11:51.

സഭയുടെ ആരംഭകാലത്ത് അപ്പോസ്തലന്മാരും, സുവിശേഷകനാന്മാരും പരിശുദ്ധാത്മാവിലാണ് തിരുവഴുത്തുകളെ വ്യാഖ്യാനിച്ചതും, വിശ്വാസികളെ വചനത്തിൽ ഉറപ്പിച്ചതും.

യേശുവിനെ സാക്ഷിക്കുന്നതിന് സഭയക്ക് നൽകിയിരിക്കുന്ന ആത്മാവ് പ്രവചനാത്മാണ്. 1 കൊരി 14:31, വെളി 19:10.

ആത്മികവരങ്ങളും വിശേഷാൽ പ്രവചനവരവും വാഞ്ഛിപ്പിൻ എന്ന് പൗലോസപ്പോസ്തലൻ ഉപദേശിച്ചതിന്റെ (1 കൊരി 14:1) അടിസ്ഥാനകാരണം ഇതാണ്.

സഭ എന്ന ശരീരത്തിലെ അവയവങ്ങളെ പ്രവർത്തന നിരതമാക്കുവാൻ ക്രിസ്തു ആത്മീയവരങ്ങൾ പ്രദാനം ചെയ്യുന്നു. ആത്മീയ വരങ്ങളിൽ ഒന്നാണ് പ്രവചനം.

പ്രവാചകന്മാർ ദൈവചനം സഭയ്ക്ക് നൽകി. അപ്പോസത്ലന്മാർ അവിശ്വാസികൾക്ക് അ.പ്ര 15:32. പുതിയ നിയമ സഭയിലെ പ്രവാചകന്മാർ ദൈവ വചനം ഉപയോഗിച്ച് വിശ്വാസികൾക്കു ആത്മീകവർദ്ധന വരുത്തുന്നവരാണ്. പ്രവചനം അഥവ വചന വ്യാഖ്യാനത്തിലൂടെയാണ് ദൈവം സ്വന്തഹിതം വെളിപ്പെടുത്തുന്നത്. അ.പ്ര 13:1 അതുകൊണ്ട് പ്രവചനം തുച്ഛീകരിക്കരുത്. എന്ന് വചനം മുന്നറിയിപ്പ് നൽകുന്നത്. 1 തെസ്സ 5:20.

പക്ഷേ ഈ ദൈവവ്യവസ്ഥക്ക് വിരുദ്ധമായി Br.R.Stanlyയും Pr.രാജമണിയും **അന്യാഭാഷ വരമാണ് പ്രധാനം എന്ന് പറയുന്നു. ഇത് തെറ്റ്.**

ഇതിന് ശേഷം വചനത്തെ മറന്ന്, സ്വന്ത അനുഭവങ്ങളെ ഉപദേശമാക്കാൻ വൃഥാപ്രയത്നം നടത്തുകയാണ്. "അന്യഭാഷ(?) ദൈവത്തെ **സ്തുതിക്കാൻ നൽകപ്പെട്ടത്"** എന്ന് പറയുന്നു. ഇതിന് തെളിവ് വചനത്തിൽ നിന്ന് നൽകുന്നുമില്ല.

**"അന്യഭാഷയിൽ ശബ്ദമുയർത്തി സഭ മുഴുവനും ദൈവത്തെ സ്തുതിക്കുന്നത് ദൈവം അരുത് എന്ന് പറഞ്ഞിട്ടില്ല എന്ന് പറയുന്നു. കൂടാതെ അന്യഭാഷയിൽ പാടാം** എന്നും Br.R.Stanly പറയുന്നു."

വചനം പറയുന്നത് ശ്രദ്ധിച്ചാലും.

"എല്ലാവരും അന്യഭാഷയിൽ സംസാരിക്കുന്നവോ?

1 കൊരി 12:30.

"സഭ ഒക്കെയും ഒരുമിച്ചുകൂടി എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നവെങ്കിൽ ആത്മവരമില്ലാത്തവരോ, അവിശ്വാസികളോ അകത്തു വന്നാൽ നിങ്ങൾക്കു ഭ്രാന്തുണ്ട് എന്ന് പറകയില്ലയോ?...... അന്യഭാഷകളിൽ സംസാരിക്കുന്നു. എങ്കിൽ രണ്ടുപേരോ ഏറിയാൽ മൂന്നുപേരോ ആകട്ടെ, അവർ ഓരോരുത്തനായി സംസാരിക്കുകയും ഒരുവൻ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ വ്യഖ്യാനി ഇല്ലാത്താൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ"

–1 കൊരി 14:23,27,28

# ആരാധനാ മദ്ധ്യേ നൃത്തം തുടങ്ങി വച്ചത് Bro.R.Stanly ആണ്.

അന്യഭാഷയോടൊപ്പം, നൃത്തവും അരങ്ങേറ്റിയത് Bro.R.Stanly യാണ്. Fr.Berchmans ഉം കൂട്ടരും അത് പിന്തുടർന്ന എന്നേയുള്ളൂ.

ഒരിക്കൽ Bro.DGS ദിനകരൻ എന്നോട് " Bro.R.Stanly എന്നെ കണ്ട്, ഞാൻ യുവജനങ്ങൾക്കായി ഒരു ശുശ്രൂഷ ആരംഭിച്ചിരിക്കുന്നു. നിങ്ങളുടെ യോഗങ്ങളിൽ സംബന്ധിക്കുകയും ഇതുവരെ രക്ഷിക്കപ്പെടാതെയുമിരിക്കുന്ന യുവജനങ്ങളുണ്ടെങ്കിൽ അവരെ Blessing youth mettingsന് അയച്ചാൽ ദൈവത്തിങ്കലേക്ക് ശരിയായ ദിശയിൽ നയിക്കാം". എന്നു പറഞ്ഞുതായി എന്നോടു പറഞ്ഞു. Bro.DGS തുടർന്നു.,ഞാനും ശരി നോക്കട്ടെ എന്ന് പറഞ്ഞു. നിങ്ങൾ (Dr.Pushparaj) ഒരു കാര്യം ചെയ്യണം. Bro.R.Stanly, Youth Meeting നടത്തുന്ന വിധം നേരിൽപ്പോയി കാണണം. അവിടെ നടക്കുന്നത് എന്നെ അറിയിക്കുക. നമുക്ക് ചേർന്ന ഒരു തീരുമാനം എടുക്കാം."

Bro.DGS പറഞ്ഞതനുസരിച്ച് അടുത്ത മാസം തന്നെ തഞ്ചാവൂരിൽ മാസം തോറും നടന്നുകൊണ്ടിരുന്ന Blessing Youth Meetingന് പോയി. അക്കാലത്ത് യുവതീയുവാക്കളെ ഒന്നായിട്ടാണ് Meeting നടത്തിക്കൊണ്ടിരുന്നത്. 2 മത്തെയോ 3-മത്തെയോ ദിവസം എന്നെനിക്കു ഓർമ്മയില്ല ഒരു ദിവസം ആ Meeting നടക്കുന്ന ഹാളിന്റെ പുറകറ്റത്തെ ചെയറിൽ ഇരിപ്പിടം പിടിച്ചു. ഞാൻ വന്നത് Bro.R.Stanly കണ്ടു. ഉടനേ തന്നെ ആളയച്ച് എന്നെ വേദിയിലേക്ക് ക്ഷണിച്ചു. ഞാൻ Meeting ൽ പങ്കെടുക്കാനാണ് വന്നത്, അതിനാൽ വേദിയിലേക്ക് ക്ഷണിക്കരുത് എന്ന് ദയവായി അഭ്യർത്ഥിച്ചു. Bro.R.Stanly യുടെ പ്രസംഗം ശേഷം ഗാനശുശ്രൂഷ ആരംഭിച്ചു.

അപ്പോൾ Great is the Lord എന്ന ഇംഗ്ലീഷ് ഗാനമാണ് പാടിയത്. ഓരോ വരി തീരുമ്പോഴും പാട്ടിന്റെ വേഗത കൂടി. ഉടനെ Bro.R.Stanly "Every body Should come out from the chair" എന്ന പറഞ്ഞു. യുവതീയുവാക്കൾ കസേരകളെ നീക്കി മുന്നോട്ടു നീങ്ങി. കൈകളടിച്ച് ശബ്ദമുയർത്തി പാടിക്കൊണ്ടിരുന്നു.

പാട്ടിന്റെ തീവ്രതയും വേഗവും കൂടിക്കൊണ്ടിരിക്കെ, "ആത്മാവ് ഇറങ്ങുന്നു. എല്ലാവർക്കും **നൃത്തം ചെയ്ത്** ദൈവത്തെ സ്തുതിക്കാം" എന്ന പറഞ്ഞു. അത്ര തന്നെ, യുവതീയുവാക്കാൾ എല്ലാ വികാര പരവശരായി അശുദ്ധാത്മാവ് പിടിച്ചവരപ്പോലെ കൈകളടിച്ചും തലകളാട്ടിയും കുലുക്കിയും തുള്ളാൻ തുടങ്ങി.

അതിനിടക്ക് ഒരു യുവാവ് തന്റെ ബൈബിളിനെ കാല് കൊണ്ട് കിണ്ടി ഒരേറ് അത് ദൂരെപ്പോയ് വീണു. എത്ര അലങ്കോലമായ കാഴ്ച.

ആ വേളയിൽ ചെയറിൽ തന്നെ ഇരിക്കണോ? പുറത്തു പോകണോ? എന്താലോചിച്ചു കൊണ്ടിരിക്കെ പെട്ടെന്ന് ഒരു കാര്യം നടന്നു.

ചില യുവാക്കൾ ഹാളിൽ നിന്ന് വേദിയിലുണ്ടായിരുന്ന Bro.R.Stanly യെ നോക്കി ഓടാൻ തുടങ്ങി. അദ്ദേഹത്തെ തൊടാൻ ശ്രമിച്ചു. ഒരു യുവാവ് Bro.R.Stanly യുടെ തോളിനെ പിടിക്കാൻ ശ്രമിച്ചപ്പോൾ അവന്റെ കൈ Br.R.Stanly യുടെ Shirt pocket ൽ ഉടക്കി. ഉടനെ pocket ഉം അടുത്തുള്ള ഭാഗവുമായി Shirt കീറി. കീറിയ ഭാഗം ആ യുവാവിന്റെ കൈയ്യിലായി.

Bro.R.Stanly ഇതാ കീറിപ്പറിഞ്ഞ കോലത്തിൽ നിൽക്കുന്നു. തുണികഷ്ണം കിട്ടിയ യുവാവ് അതുമായി ഓടി. ആ കഷ്ണം ചെറുപ്പക്കാരുടെ ദേഹത്തു വയ്ക്കാൻ തുടങ്ങി. അത്ര തന്നെ തുള്ളാതെ നിന്ന യുവാക്കളും തുള്ളാനും ചാടാനും, ആടാനും തുടങ്ങി.

ഇത് മുൻകൂട്ടി ക്രമീകരിച്ച ഏപ്പാടാണോ? അറിയില്ല. യോഗം അവസാനിക്കുന്നതിന് മുമ്പ് തന്നെ യോഗസ്ഥലം വിട്ടു. സേലത്തിൽ വന്നു ചേർന്നു.

അടുത്ത ദിവസം മേട്ടൂർ ഡാം SBI Branch Manager ആയിരുന്ന Bro.DGS ദിനകരനോട് നടന്ന കാര്യങ്ങൾ പറഞ്ഞു "നല്ല സമയം, 15 യുവാക്കളെ ആ യോഗത്തിനയക്കാൻ ആലോചിച്ച് വച്ചിരിക്കുകയായിരുന്നു. ഇനി ആരെയും Blessing Youth Meetingന് അയക്കില്ല. സ്റ്റാൻലിയുടെ ഈ ഉപദേശവും തെറ്റാണ്. എന്ന് Bro.DGS

(Bro.DGS അവർകൾ കാരുണ്യ കോളേജ് ആരംഭിക്കുന്നതിന് മുമ്പ് നേരായി നടന്ന് ശുശൂഷ, ചെയ്ത കാലത്താണ് ഈ സംഭവം നടന്നത്. അതിന് ശേഷം Br.ദിനകരൻ വചനത്തിൽ നിന്ന് വ്യതിചലിച്ച് **തെറ്റായ ഉപദേശത്തിലേക്ക്** പതിച്ചു. പരിശുദ്ധാത്മാവും ദുക്ഖത്തിലായി!)

Bro.Stanly BYM ന്റെ മിഷണറിയായി ശുശൂഷയിൽ ആയശേഷം 'ആത്മാവിൽ നൃത്തം' കുറെശ്ശയായി കുറയ്ക്കാൻ തുടങ്ങി ഇപ്പോൾ എങ്ങനെയാണെന്ന് അറിയില്ല. **ഇതിനെല്ലാം കാരണം** അന്യഭാഷയെന്ന പേരിലുള്ള **അപശബ്ദങ്ങൾ** സഭ്യക്കു കൂടിയേ തീരൂ എന്ന് ഇദ്ദേഹത്തിന്റെ തെറ്റായ പഠിപ്പിക്കലാണ്. ശുശൂഷയിലൂടെ കാര്യങ്ങൾ പഠിച്ചതിന്റെ വെളിച്ചത്തിലാണ് ഇത്രയെങ്കിലും തനിക്കി എഴുതാനായത്.

Bro.Stanly തന്റെ അന്യഭാഷാനുഭവത്തെപ്പറ്റി ഇങ്ങനെ പറയുന്നു. ഞാൻ 1963–ാം മണ്ട് CSI ആംഗ്ളിക്കൻ സഭയിൽ പിറന്ന്, വളർത്തപ്പെട്ടു. കോളേജിൽ പഠിക്കുമ്പോൾ വിദ്യാർത്ഥികൾക്കുള്ള പ്രാർത്ഥാ ഗ്രൂപ്പിൽ ചേരുകയും ആ ഗ്രൂപ്പിൽ നിന്ന് അഭിഷേകാനുഭവം അന്യഭാഷയോടു കൂടി ലഭിക്കുകയുമുണ്ടായി.

ഒരു പ്രാർത്ഥന ഗ്രൂപ്പിൽ ചിലർ അന്യഭാഷ (?)യിൽ സംസാരിച്ച് തുള്ളിച്ചാടിയാൽ അടുത്തിരിക്കുന്നവർക്കും ഇതല്ലേ ശക്തി എന്ന് തോന്നിപ്പോകും. അതുപോലെ CSI പാശ്ചാത്തലമുള്ള Bro.Stanly പെന്തക്കോസ്തുക്കാർ അടങ്ങിയ പ്രാർത്ഥന ഗ്രൂപ്പിൽ ചെന്നപ്പോൾ ഉണ്ടായ അനുഭവം തന്നെ സ്വാധീനിച്ച്, അത് ശരിയെന്ന് കരുതി– അന്യഭാഷയിൽ കൊണ്ടെത്തിച്ചു.

കൂടാതെ ആത്മാവിൽ നിറഞ്ഞ്, കർത്താവിനെ പാടി സ്തുതിച്ച്, അന്യഭാഷയിൽ സംസാരിക്കുന്നത്– മദ്യപാനം നൽകുന്ന ലഹരിയേക്കാൾ കൂടുതലാണന്ന് എഴുതിയിരിക്കുന്നു. അത്. 100% സത്യമാണ്. അന്യഭാഷ സംസാരിക്കുന്നവർ Medical term അനുസരിച്ച് Extremist Spirtral addictകൾ ആണ്.

ഇവക്ക് Mainline church കളായ CSI,Lutheren, Methodist, Anglican, Presbyterian, Marthorma എന്നീ സഭകളിലോ Bible believing Bible predaching church കളായ Brethren, Baptist, Bakthsingh സഭകളിലേയോ യോഗങ്ങളിൽ സംബന്ധിച്ചാൽ സ്വസ്ഥമായി ഇരിക്കാനാമില്ല. അതിന് കാരണം പെന്തക്കോസ്തുകാർ മറ്റ് സഭകളെ 'ചത്തസഭകൾ' എന്ന് വിളിച്ച് വിശ്വസികളെ brainwash ചെയ്തുകൊണ്ടാണ്.

മദ്യത്തിന് അടിമകളായ വരെ അതിൽ നിന്ന് വിടുവിക്കുവാൻ ഞരമ്പുവഴി ചെലുത്തുന്ന മരുന്നുണ്ട്. പക്ഷേ അന്യഭാഷയെന്ന പേരിൽ കാണിക്കുന്ന കൂത്തുകൾ മാറാൻ മരുന്നേ ഇല്ല എന്നതാണ് സത്യം.

വചനം ചൂണ്ടികാട്ടി സത്യം എന്താണെന്ന് മനസ്സിലാക്കിക്കൊടുത്താലും ഈ തെറ്റായ അനുഭവത്തിൽ നിന്ന് പുറത്തു വരാൻ വല്ലാതെ പാട് പടുകയാണ്. പരിശുദ്ധാത്മാവിന്റെ പ്രത്യേക ഇടപെടൽ ഉണ്ടായാൽ മാത്രമേ ഇവരെ വിടുവിക്കാനാവൂ!

## ശബ്ദമുഖരിതമായ സ്തുതി

"ഒരു സഭയിലെ വിശ്വസികളെല്ലാവരും ഏക മനനസ്സായി ശബ്ദമുയർത്തി അന്യഭാഷയിൽ സംസാരിച്ചാൽ വചനം അതിന് ഏതിരു നിൽകുന്നില്ല" എന്ന് അന്യഭാഷയ്ക്കനുകൂലമായി എഴുതുന്നു. ആരാധനയിൽ ശബ്ദമുണ്ടാക്കാൻ മൗനമായി

ആഹ്വാനം ചെയ്യുന്നു.

പ്രാർത്ഥാന ഗ്രൂപ്പ്, തന്റെ പെന്തക്കോസ്ത് സഭ എന്നിവയിലെ സ്വാധീനം ഈ ഉപദേശങ്ങളിൽ തെളിഞ്ഞു കാണാം.

നമ്മുടെ ദൈവം ചെകിടൻ എന്ന് തെറ്റായി ധരിച്ചു വച്ചിരിക്കുന്നു. വചനം പറയുന്നത് ശ്രദ്ധിക്കുക.

"രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല, കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദുമായിട്ടുമില്ല." യെശ 59:1

അക്രൈസ്തവർ ശബ്ദങ്ങളുണ്ടാക്കി വിഗ്രഹങ്ങളുടെ മുമ്പിൽ വിളിക്കുന്നതും, അലറുന്നതും നിങ്ങൾ ശ്രദ്ധിച്ചിരിക്കും.

"വിദേശഹിന്ദുമത'ത്തിന്റെ ക്ഷേത്രങ്ങളിൽ വെടിവഴിപാട് ഉള്ള കാര്യവും നിങ്ങൾക്കു അറിയാമല്ലോ!ഇങ്ങനെ വീജാതീയ പശ്ചാത്തലത്തിൽ നിന്ന് മാറി വന്ന ക്രിസ്ത്യാനികൾ യേശുവിനെ ദൈവമായി അംഗീകരിച്ചു. പക്ഷേ നോട്ടത്തിലോ, നടപ്പിലോ, പ്രവൃത്തിലയിലോ, ശബ്ദത്തലോ, കൈതട്ടുന്നതിലോ, ഉറച്ചവിളിയിലോ, ആലർച്ചയിലോ, ഒരു മാറ്റവും ഉണ്ടായിട്ടില്ല.

ദൈവത്തെ ഇങ്ങനെയാണോ ആരാധിക്കേണ്ടത്? നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് തന്നെ നാം എങ്ങനെ ആരാധിക്കണം എന്ന് പറഞ്ഞിട്ടുണ്ട്.

"സത്യ നമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമ്സമരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു. തന്നേ നമസ്കരിക്കുന്നവർ ഇങ്ങനെയുള ഉവർ ആയിരിക്കേണം. എന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവ് ആകുന്നു.അവനെ നമ്സിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം". (യോഹ 4:23,24).

ഈ ആത്മാവ് ആരാധനയോടും ജീവിതത്തോടുയുള്ള ബന്ധത്തിൽ എങ്ങനെ പ്രവർത്തിക്കുമെന്നും വചനം പറയുന്നു. ശ്രദ്ധിക്കുക.

"ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നതു. അതുകൊണ്ട് നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബന്ധസ്ഥനായ എന്നെയും കുറിച്ച് ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവശക്തിക്ക് ഒത്തവണ്ണം കഷ്ടം സഹിക്ക". –2 തിമൊഥെയോസ് 1:7,8

ഇനി പറയുക Br.Stanly പറയുംപോലെ **അലറി വിളിച്ചാണോ** അതോ ഭയ ഭക്തി ബഹുമാനങ്ങളോടെയോ ആരാധിക്കേണ്ടത്?

ചില യുവാക്കൾ ചോദിക്കും. "സിഗരറ്റ്, ബീഡി, ചുരുട്ട്, കഞ്ചാവ് എന്നിവ ഉപയോഗിക്കരുതെന്നും പുകവലിക്കരുതെന്നും, സിനിമ കാണരുതെന്നും വേദ പുസ്തകത്തിൽ എഴുതിയിട്ടുണ്ടോ? ചില യുവതികൾ കേൾക്കും. മറ്റുള്ളവരെ ആകർഷിക്കത്തക്കവണ്ണവും, തങ്ങളുടെ ശരീരഭാഗങ്ങളെ പ്രദർശിപ്പിക്കുന്നതരത്തിലുള്ള വസ്ത്രങ്ങൾ (ലെഗ്ഗിൻസ്, ജീൻസ് ഇറുക്കിയ വസ്ത്രങ്ങൾ, etc....) ധരിക്കുരുതെന്ന് വേദ പുസ്തകത്തിൽ ഉണ്ടോ? ഇതിന് Bro.Stanly മറുപടി പറയും? ഇതുപോലയാണ് Bro.Stanly യും ചോദ്യങ്ങൾ ചോദിക്കുന്നത്? ബൈബിൾ പറയുന്നു.

"സകലവിധ ദോഷവും വിട്ടകലുവിൻ" –1തെസ്സ 5:22.

ഈ യുഗത്തിൽ പാപം പല രൂപത്തിലും ഭാവത്തിലും, ഒളിഞ്ഞും തെളിഞ്ഞും കാണപ്പെടുന്നു. സാമൂഹ്യമാധ്യമങ്ങളിലൂടെ പടരുന്ന പാപങ്ങൾക്കു കൈയും കണക്കുമില്ല. ഇതൊന്നും തന്നെ ഓരേന്നായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നു വച്ച് ക്രിസ്ത്യാനികൾ ഈ പാപങ്ങളിൽ തുടരാമോ? പങ്കാളികളാകാമോ? ചിന്തിക്കുക!

വളരെ ശബ്ദമുയർത്തി സ്തുതിക്കുന്നതിനും, നൃത്തം ചെയ്യുന്നതിനും മാതൃകയായി പഴയ നിയമഭാഗങ്ങളെ കാണിക്കും.

ഇവർ ഇന്നും പഴയ നിയമ–യഹൂദ മതാനുസാരികൾ + ക്രിസ്ത്യാനികൾ എന്ന നിലയിൽ ത്തന്നെ തുടരുകയാണ്. പുതിയ നിയമ വിശ്വാസികളായിട്ടില്ല! വചനം പറയുന്നു. പഴയ നിയമത്തെ നീക്കിക്കളഞ്ഞിട്ടാണ്. പുതിയ നിയമത്തെ നടപ്പിലാക്കിയിരിക്കുന്നത്.

"ദൈവമേ അവിടുത്തെ ഇഷ്ടം ചെയ്യുവാൻ ഞാനിതാ വരുന്നു. എന്നും പറഞ്ഞു. അങ്ങനെ രണ്ടാമത്തേത് (പുതിയ നിയമം) ഉറപ്പിക്കുന്നതിനായി ഒന്നാമത്തേത് (പഴയനിയമം) **നീക്കിക്കളഞ്ഞു.** ന്യായപ്രമാണം (പഴയനിയമം) സാക്ഷാലുള്ളതിന്റെ (പുതിയനിയമത്തിന്റെ) പൂർണവും സൂക്ഷമവുമായ പ്രതിരൂപമായ വരുനാനുള്ള നന്മകളുടെ അവ്യക്തമായ നിഴൽ മാത്രമാണ്. എബ്രാ 10:9,1

ആരാധനയിൽ ശബ്ദം, ബഹളം, ഒച്ച എന്നിവ വച്ച് സ്തുതിക്കേണ്ടതില്ല.

"സഭയിൽ പതിനായിരംവാക്കു അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ അധികം മറ്റുള്ളവരെയും പഠിപ്പിക്കേണ്ടതിനും ബുദ്ധികൊണ്ട് അഞ്ചു വാക്ക് പറവാൻ ഞാൻ ഇച്ഛിക്കുന്നു. സഹോദരന്മാരേ ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുത്. തിന്മയ്ക്കു ശിശുക്കൾ ആയിരിപ്പിൻ, ബുദ്ധിയിലോ മുതിർന്നവരാകുവി –കൊരി 14: 19: 20 നമ്മുടെ ദൈവം വളരെ ഘ്രാണശക്തിയുള്ള ദൈവമത്രെ! അവിടെത്തേക്ക് കേൾക്കാൻ കഴിയാത്ത ശബ്ദമോ, മനസ്സിലാക്കാൻ കഴിയാത്ത വിചാരങ്ങളോ ഇല്ല!

പെന്തക്കോസ്ത് സഭകൾ തങ്ങളുടെ കൂടിവരവുകൾ ആത്മ സാന്നിദ്ധ്യമുണ്ടെന്ന് ബോദ്ധ്യപ്പെടുത്തുവാൻ **തങ്ങളായിത്തന്നെ** ഹല്ലേലൂയ്യാ, പ്രെയ്സ് ദ ലോർഡ്, ആമേൻ തുടങ്ങിയവ ആവർത്തിച്ചുകൊണ്ടേയിരിക്കും പരിശുദ്ധാത്മാവ നിറവിന്റെ അടയാളം ഇതാണോ?

വാചനാടിസ്ഥാനമില്ലാത്ത ഈവക കാര്യങ്ങൾ തെറ്റിദ്ധരിച്ച്, മെയിന്റെൻ ചർച്ചുകളും ഈ മായ വലകളിൽ വീണ് ചികഞ്ഞുകൊണ്ടിരിക്കുന്നു. എത്ര പരിതാപകരം!

Bro.Stanly ആരാധനയിൽ ശബ്ദമിട്ടുകൂടാ എന്തോ? അന്യഭാഷയിൽ സ്തുതുച്ചുകൂടാ എന്നോ? ബൈബിളിലുണ്ടോ? എന്നു ചോദിക്കുന്നു.

ഇങ്ങനെയുള്ള തെറ്റായ ഉപദേശങ്ങൾ കൈയ്യിലുള്ളതുകൊണ്ടാണ് BYM Youth meetings കളിൽ യുവതി യുവാക്കൾ പിശാചു പിടിച്ചവരെപ്പോലെ തള്ളുന്നതും ഒരു വ്യക്തിയുടെ മേൽ മറ്റൊരു വ്യക്തി വീഴുന്നതും, ബൈബിളിനെ പന്തടിക്കുന്നതുപോലെ ചവിട്ടുന്നതും....... ഒക്കെ നടക്കുന്നത്.

എത്ര അലങ്കോലം "ബൈബിൾ പണ്ഡിതനെന്ന് പേരെടുത്ത സഹോദരനും BYM നും BYM 2-ാം സ്ഥാനീയനായ **Bro.ലയണലിനും** ഒക്കെ ബൈബിളിന്റെ ബാലപാഠങ്ങൾ പോലും അറിയില്ലേ" ഇത് ഞാനല്ല BYM ലെ അനുയായികൾ തന്നെ ചോദിക്കുന്നു. അവർ എനിക്കെഴുതിയ കത്തിൽ നിന്ന് രണ്ടു കത്തുകൾ ഇതോടൊപ്പം ചേർക്കുന്നു. വായിക്കുക.

**കത്ത് -1 - ആ്യ.യേശുരത്നം, കോയമ്പത്തൂർ**

അക്കാലത്ത് BYM ലെ യൂത്ത് മീറ്റിംഗ്സ് ന് ഞാനും എന്റെ കൂട്ടുകാരും പതിവായി തഞ്ചാവൂരിന് പോകുമായിരുന്നു. പ്രാർത്ഥനാ വേളയിൽ ഏവരും പരിശുദ്ധാത്മാവ് പ്രാപിക്കാനായി പ്രാർത്ഥനയിൽ നിലവിളിക്കുമായിരുന്നു. പക്ഷേ, അവർക്ക് അന്യഭാഷ വരില്ല.

ആ സമയത്ത് Br.ലയണൽ **ഓരോരുത്തരുടെ അടുക്കലും ചെന്ന്, ചെവിയി: യേശു ബലബലാവാ, സുതബലബലവാ, ഷരബലബലവാ....എന്നിങ്ങനെ പല വാക്കുകൾ** ചൊല്ലിക്കൊടുക്കും

അതുകേട്ട് ഞാനും അങ്ങനെ പല വാക്കുകൾ ഉച്ചരിച്ച് നോക്കി. പല ദിവസ ശ്രമങ്ങൾക്കുശേഷം ഒരു ദിവസം ഈ വാക്കുകൾ ഞാനും ഉച്ചരിച്ചു.

പക്ഷേ നിങ്ങളുടെ ജാമക്കാരൻ മാസിക എന്നിൽ വചന വെളിച്ചവും, വ്യക്തതയും ഉളവാക്കി. അക്കാലത്ത് അന്യഭാഷയെന്നപേരിൽ ഞാനുച്ചരിച്ച വാക്കുകളെയോർത്ത് ലജ്ജിക്കുന്നു. ഞാൻ എത്ര വലിയ വഞ്ചനയിലായിരുന്നു.

ഇക്കാര്യങ്ങൾ അന്ന് അറിയാത്തതിനാൽ Bro.Stanlyയുടെ യൂത്ത് മീറ്റിംഗ്സുകൾക്ക് മുടങ്ങാതെ പൊയ്ക്കൊണ്ടിരുന്നു. ക്ലാസ്സുകൾ Bro.Stanly യുടെ വചന കാര്യങ്ങൾ കേൾക്കാനാണ്. ഇത്ര നന്നായി വചനം പ്രസംഗിക്കുന്ന Bro.Stanly വചനാടിസ്ഥാനമില്ലാത്ത അന്യഭാഷയ്ക്ക് എങ്ങനെ അടിമയായി മാറി?

## കത്ത്-2 ഒരു സഹോദരൻ, വാൽപ്പാറ

**Bro.ലയണൽ** ഓരോരുത്തരുടെ ചെവിയിലും പറഞ്ഞുകൊടുക്കുന്ന അന്യഭാഷ - വചനാടിസ്ഥാനമില്ലാത്തത്- എന്ന് അറിയാത്ത വ്യക്തിയാണോ? ഇക്കാര്യം തെറ്റാണെന്ന് അറിഞ്ഞിട്ടും അതനുവദിച്ച ആ്യ. ടമേിഹ്യ യുടെ അന്യഭാഷയും കൃത്രിമം തന്നെയാണല്ലേ?

ഇങ്ങനെ പോകുന്നു കത്തുകൾ!

Bro.Stanly പറയുന്ന ഒരുകാര്യം പ്രത്യേകം ശ്രദ്ധിക്കുക: “കാലങ്ങളായി ചെയ്തുവരുന്ന ഒരു പ്രവൃത്തിയെ പെട്ടെന്ന് നിർത്തുക എന്നത് സാദ്ധ്യമല്ലല്ലോ!”

ഇതുപോലെ ജാമക്കാരൻ വായിച്ച് സത്യാവസ്ഥ മനസിലാക്കിയ ഒരു പെന്തക്കോസ്ത് പാസ്റ്റർ എഴുതുന്നു!

❖ "Dr, ഞാൻ അന്യഭാഷ വിഷയത്തിൽ കാര്യങ്ങൾ മനസ്സിലാക്കി. പക്ഷേ പ്രാർത്ഥിക്കുമ്പോൾ ‘അന്യഭാഷ’ അറിയാതെ വന്നുപോകുന്നു. പറഞ്ഞുവരുന്ന അന്യഭാഷ നിറുത്തണം എന്ന് ഞാനും ഭാര്യയും ഒരുമിച്ച് തീരുമാനം എടുത്തതാണ്. അതിൽ എന്റെ ഭാര്യ വിജയിച്ചു. പക്ഷേ എന്നെക്കൊണ്ട് നിർത്താൻ ആവുന്നില്ല. പല വർഷങ്ങളായി തുടർന്ന ഈ ക്രിയ പെട്ടെന്ന് നിറുത്താൻ കഴിയുന്നില്ല. രണ്ട് ദിവസം അന്യഭാഷയില്ലാതെ പ്രാർത്ഥിച്ചു. നന്നായിരുന്നു. പക്ഷേ, അന്യഭാഷ സംസാരിക്കുമ്പോൾ “ ഒരു സുഖം” ലഭിക്കുന്നു. അത് മറക്കാനാകുന്നില്ല.

ഈ പാസ്റ്റർ എഴുതിയ “സുഖം” എന്ന പദത്തെ Bro.Stanly “മദ്യപാനം നല്കുന്ന ലഹരിയേക്കാൾ പതിന്മടങ്ങ് വലുതായ ലഹരി അന്യഭാഷ നല്കുന്നു” എന്നെഴുതുന്നു.

ഒന്നു പറയാം മദ്യപാനം നിറുത്താൻ വൈദ്യശാസ്ത്രത്തിൽ മരുന്നുണ്ട്, പക്ഷേ

'അന്യഭാഷ'(?) സംസാരിച്ച് 'സുഖം' കണ്ടവരെ അതിൽ നിന്ന് വെളിയിൽ കൊണ്ടു വരിക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല!

മറ്റൊരു അനുഭവത്തെ Bro. Stanly പങ്കു വയ്ക്കുന്നു. "ഞാൻ വിദ്യാർത്ഥിയായിരിക്കുമ്പോൾ പരീക്ഷകളെഴുതിയിട്ടുണ്ട്. പല പരീക്ഷകളിലും **ഉത്തരം അറിയാതെ ചോദ്യങ്ങൾക്കു മുമ്പ് പകച്ചു നിന്നിട്ടുണ്ട്.** ആ സമയം കുറച്ചുനേരം അന്യഭാഷയിൽ സംസാരിച്ചശേഷം പരീക്ഷ എഴുതാൻ തുടങ്ങും. ഉത്തരം ഉടൻ തെളിഞ്ഞു വരും.

പക്ഷേ തെറ്റായ ഒരു ജീവിത ശൈലിയിലൂടെ അനേകരെ തെറ്റിക്കുവാൻ Bro. Stanly പഠിപ്പിക്കുകയാണിവിടെ. നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാര കർത്താവിലുണ്ട്. അതിനാൽ പ്രശ്നങ്ങൾ പറയുകയാണ് ചെയ്യേണ്ടത്. അല്ലാതെ 'അന്യഭാഷാ(?) സംസാരിക്കലല്ല അതിനുള്ള പോംവഴി.

വയറുവേദനയെങ്കിൽ വയറുവേദന എന്ന് പറയണം. പഠിച്ചകാര്യം മറന്നതാണെങ്കിൽ പഠിച്ചത് ഓർമയിലെത്താൻ പ്രാർത്ഥിക്കുക. പഠിക്കാൻ താല്പര്യം ഇല്ലാത്ത വിദ്യാർത്ഥികൾ ഒരിടത്ത് ഇരുന്ന് പഠിക്കാനുള്ള ജ്ഞാനത്തിനായി, അറിവിനായി പ്രാർത്ഥിക്കുക. അതല്ലാതെ കുറുക്കുവഴികൾ ദൈവത്തിനുണ്ടോ?

ഇങ്ങനെ ഖ്യ.രാജമണി, Bro.Stanly തുടങ്ങി തുടങ്ങിയ പെന്തക്കോസ്ത്, കരിസ്മാറ്റിക്, പ്രസ്ഥാനത്തിലെ ഭൂരിപക്ഷം പേരും തങ്ങളുടെ സ്വന്ത അനുഭവങ്ങളെ ഉപദേശമാക്കാൻ ശ്രമിക്കുന്നു! ഇങ്ങനെയുള്ളവരെ നോക്കി വചനം മുന്നറിയിപ്പ് നല്കുന്നു.

"പ്രത്യേക ദർശനങ്ങളുള്ളവരെ പറഞ്ഞ് മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണെന്ന് അവകാശപ്പെടുകയും കപടവിനയം ഭാവിക്കുന്നുവരുമായ .......... ആരും നിങ്ങളുടെ വിരുത് തെറ്റിക്കുവാൻ ഇടം കൊടുക്കരുത്". കൊലോ 2:18.

## വരങ്ങൾ

ആത്മികവരം എന്ന പ്രയോഗം പുതിയ നിയമത്തിൽ മൂന്നിടത്തുണ്ട്. റോമ 1:11:1 കൊരി12:1:14: 1 ഇവയിൽ റോമ1:11 ൽ മാത്രമാണ് ആത്മികവരം എന്ന പൂർണ്ണ പ്രയോഗമുള്ളത്.

ദാതാവായ ദൈവത്തിൽ നിന്നും കൃപയാൽ ലഭിക്കുന്ന ദാനം അഥവാ വരം ആണ് കൃപാവരം

ഒരു വിശ്വാസിയിലൂടെ പരിശുദ്ധാത്മാവ് ചെയ്യുന്ന ഒരു പ്രത്യേക ശുശ്രൂഷയും

ആ ശുശ്രൂഷ ചെയ്യുവാൻ പരിശുദ്ധാത്മാവ് പ്രസ്തുത വിശ്വാസിയെ ഉപകരണമാക്കുന്നതുമാണ് ആത്മീക വരങ്ങൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ഒരു വിശ്വാസി ചെയ്യുന്ന പ്രവൃത്തിയോ സ്വാഭാവിക കഴിവുകളുടെ ഉത്തേജനമോ അല്ല അത്.

കൃപാവരം ആത്മാവിന്റെ പ്രകാശനമാണ്. "എന്നാൽ ഓരോരുത്തർക്കും **ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിനായി നല്കപ്പെടുന്നു"** 1 കൊരി12:7

ആത്മാവിന്റെ വരം ശുശ്രൂഷാ മണ്ഡലങ്ങളിൽ ബാഹ്യമായി വെളിപ്പെടുന്നു.

## ആത്മിക വരങ്ങളുടെ സവിശേഷതകൾ

1. ആത്മിക വരങ്ങൾ നല്കുന്നത് ദൈവമാണ്.
2. എല്ലാ വിശ്വാസികൾക്കും കൃപാവരങ്ങൾ ലഭിക്കുന്നു. കൃപാവരം ലഭിക്കാത്ത ഒരൊറ്റ വിശ്വാസികളും ഇല്ല. 1കൊരി 12:7
3. കൃപാവരങ്ങളുടെ പ്രയോഗം സ്നേഹത്തിൽ ആയിരുന്നാലേ പ്രയോജനമുള്ളൂ, 1 കൊരി 13

**ആത്മികവരങ്ങളുടെ എണ്ണം**

ആത്മീക വരങ്ങൾ പലതാണ്. അഞ്ചു ഭാഗങ്ങളിൽ ആത്മീയ വരങ്ങളുടെ പട്ടികകാണം. പിൻ വരുമാറ്

I റോമ 12:6 –8

II 1കൊരി 12:7– 11

III 1കൊരി 12:28–30

IV എഫെ 4:11–13

V പത്രോസ് 4:10:11

| | | |
|---|---|---|
| | **I റോമ** | **– 12:6 –8:1, 1പത്രോസ് 4:10–11** |
| 1. | പ്രവചനം | – റോമ 12:6 –8:1, 1കൊരി 12:10 എഫെ 4:11 |
| 2. | ശുശ്രൂഷ | – റോമ 12:7:1പത്രോസ് 4:11 |
| 3. | ഉപദേഷ്ടാക്കന്മാർ | – റോമ 12:7, 1കൊരി 12:28 എഫെ4:11 |
| 4. | പ്രബോധനം | – റോമ 12:7 |
| 5. | ദാനം ചെയ്യൽ | – റോമ 12:8 |
| 6. | സഭാ ഭരണം | – റോമ 12:8 |
| 7. | കരുണ ചെയ്യൽ | – റോമ 12:8 |

8. വിവാഹജീവിതം – 1 കൊരി12:7

9. അവിവാഹ ജീവിതം– 1 കൊരി 12:7

**II** **1കൊരി 12:7– 11**

10 ജ്ഞാനത്തിന്റെ വചനം – 1കൊരി 12:8

11. പരിജ്ഞാനത്തിന്റെ വചനം – 1കൊരി 12:9

12. വിശ്വാസം – 1കൊരി 12:9

13. രോഗശാന്തികൾ – 1കൊരി 12:9, 28

14. വീര്യപ്രവൃത്തികൾ – 1കൊരി 12:10, 28

15. ആത്മാക്കളുടെ വിവേചനം – 1കൊരി 12:10

16. പലവിധ ഭാഷകൾ – 1കൊരി 12:10

17. ഭാഷകളുടെ വ്യാഖ്യാനം – 1കൊരി 12:10

**III** **1കൊരി 12:28–30**

18. അപ്പസ്തലന്മാർ – 1കൊരി 12:28, എഫെ 4:11

19. പ്രവാചകന്മാർ – 1കൊരി 12:28എഫെ 4:11

20. സഹായം ചെയ്യൽ – കൊരി 12:28

21. പരിപാലനം – കൊരി 12:28

**IV** **എഫെ 4:10–11**

22. സുവിശേഷകന്മാർ – എഫെ 4:11

23. ഇടയന്മാർ – എഫെ 4:11

ഈ വരങ്ങളെ പഠന സൗകര്യാർത്ഥം പലതായി വിഭജിച്ച് പഠിക്കുന്നവരുണ്ട്. പത്രോസ് അപ്പോസ്തലൻ വരങ്ങളെ രണ്ടായി വിഭജിക്കുന്നു. 1. പ്രസംഗം, 2. ശുശ്രൂഷ. 1 പത്രോസ് 4:11

Br. Stanly യും Dr.രാജമണിയും വരങ്ങളുടെ എണ്ണം 9 ആണെന്ന് പറയുന്നു. വരങ്ങളുടെ വിശദീകരണവും, എണ്ണവും മുകളിൽ കൊടുത്തത് വായിച്ചല്ലോ!

ഈ വരങ്ങളുടെ എണ്ണത്തിൽ വിവിധ ഭാഷകളുടെ (ഭാഷയുടെ അല്ല: ശ്രദ്ധിക്കുക)വരം 16 –ാം സ്ഥാനത്തിലാണ് ഉള്ളത്. പക്ഷേ വേദപുസ്തകത്തിലില്ലാത്ത ഒരു ക്രമം ഇവർ രണ്ടുപേരും കൊണ്ടുവരുന്നു, ഇവരുടെ ക്രമമനുസരിച്ച് അന്യഭാഷ (?) ഒന്നാമത്തേതാണ്.

ഈ ഒരു (അതി) ക്രമത്തിലൂടെ അന്യഭാഷയെന്ന (?) വരം ലഭിച്ചാലേ മറ്റ് വരങ്ങളും നിങ്ങൾക്ക് ലഭിക്കു എന്ന് പഠിപ്പിക്കാനാണ്. എത്ര കഷ്ടപ്പെട്ട് അന്യഭാഷയെ (?) സഭയ്ക്കകത്ത് കൊണ്ടുവരാൻ ശ്രമിക്കുന്നു. ഈവക പഠിപ്പിക്കുന്നവരെ ശ്രദ്ധിക്കുക. ജാഗ്രതയോടിരിക്കുക!

❖ ഇപ്പോൾ ഭൂരിപക്ഷം പെന്തക്കോസ്ത് പാസ്റ്റർമാർക്കും ഒരു ഭയം പിടിച്ചിരിക്കുന്നു. വിശ്വാസികൾക്ക് അന്യഭാഷാ വിഷയത്തിൽ ഒരു തെളിവും വെളിവും വന്നിരിക്കുന്നു. അന്യഭാഷ സംസാരിക്കുന്നവരെ ജനം സംശയോത്തോടെ നോക്കുന്നു, അന്യഭാഷയെന്ന പേരിലുള്ള അപശബ്ദങ്ങളെയും ജല്പനങ്ങളെയും ജനം പ്രത്യേകം ശ്രദ്ധിക്കുന്നു. പെന്തക്കോസ്ത് പാസ്റ്റർമാരുടെ ഭാര്യമാർക്കിപ്പോൾ ബഹുസന്തോഷമാണ്. ജനങ്ങളിപ്പോൾ സംശയത്തോടെയാണ് അന്യഭാഷ സംസാരിക്കുന്നവരെ കാണുന്നത്.

നിർജ്ജീവ സഭകൾ എന്ന് പെന്തക്കോസ്തുകാർ വിളിക്കുന്ന സഭകളെക്കാൾ പെന്തക്കോസ്തുകാരുടെ പ്രവൃത്തികളിൽ വിശുദ്ധി ഇല്ല, ഇരട്ടത്താപ്പും കാപട്യവും, കള്ളത്തരവും. വഞ്ചനയും പണവിഷയങ്ങളിലുള്ള അവിശ്വാസ്തയും ലോകപ്രസിദ്ധമാണ്!

2 ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

## 1. തിരുനെൽവേലി, പാളയംകോട്ട AOG സഭ

2016 ജൂലൈ മാസവും അതിന് മുമ്പും പാളയം കോട്ട സമാധാനപുരം AOG സഭയുടെ ചീഫ് പാസ്റ്റർ, അസി. പാസ്റ്ററും തന്റെ മരുമകനുമായ വ്യക്തി ഇവരുടെ സാമ്പത്തിക തിരിമറികളെക്കുറിച്ച് AOG Head Quarters ന് കത്തുകൾ അയച്ചെങ്കിലും ഒരു നടപടിയും സ്വീകരിച്ചില്ല.

അതുകൊണ്ട് **ഈ വിഷയവുമായി കോടതിയിൽ പോകാൻ വിശ്വാസികൾ ഒരുങ്ങുന്നു.**

സഭയിൽ വരുന്ന സ്ത്രീകളോടുള്ള അവിഹിത ബന്ധങ്ങളും മറ്റ് കാര്യങ്ങളും എനിക്ക് പട്ടികയിട്ട് അയച്ചിട്ടുണ്ട്. ഇതിൽ നിന്ന് ഈ സഭയിലെ പാസ്റ്റർ സംസാരിച്ച അന്യഭാഷ പരിശുദ്ധാത്മാവ് നല്കിതാണോ? പ്രവചനം ദൈവത്തിന്റെതാണോ? ഈ സംശയങ്ങൾ വിശ്വാസികൾക്കുണ്ടായാൽ കപട ആത്മീയവരങ്ങൾ നിലയ്ക്കുകയും വചനത്തിലേക്കുള്ള മടങ്ങി വരവ് ഉണ്ടാകുകയും ചെയ്യും.

പാളയംകോട്ട സഭയിലെ ഈ ക്രമക്കേടുകൾ കണ്ട വിശ്വാസികളിൽ 18 പേർ Dr.ലോറൻസ് എന്ന വ്യക്തിയോടൊപ്പം C.S.I സഭകളിൽ ചേർന്നിരിക്കുന്നു എന്നത്

പെന്തക്കോസ്ത് സഭകളുടെ കണ്ണ് തുറപ്പിക്കും എന്ന് കരുതുന്നു.

## 2. കൊറിയ AOG സഭയുടെ ലോക മഹാ കുംഭകോണം

"10 ലക്ഷത്തിലധികം അംഗങ്ങളുള്ള AOG സഭയുടെ ചീഫ് പാസ്റ്റർ ആയ **പോൾ യാങ്കിചോയും** അദ്ദേഹത്തിന്റെ മകനും ഇപ്പോൾ ജയിലിലാണ്." ഇതൊരു പഴയവാർത്ത യാണെങ്കിലും പെന്തക്കോസ്ത് വിശ്വാസികളുടെ ജാഗ്രതയ്ക്കായി ഇവിടെ എഴുതുന്നു.



വിശ്വാസികൾ നല്കിയ കാണിക്കയിൽ 120 കോടി ഡോളർ Dr.പോൾ യാങ്കിചോ Share Markert ൽ നിക്ഷേപിച്ചു. വിപണി വിലയേക്കാൾ 10 മടങ്ങ് അധികം തുക നല്കി ഓരോ വിശ്വാസികൾക്കും ടവമൃല കൾ വാങ്ങാൻ നിർബന്ധിക്കപ്പെട്ടു.

അന്യഭാഷയുടെ പേരിലുള്ള ഭയം മാറ്റിവച്ച് വിശ്വാസികൾ പാസ്റ്റർക്കെതിരെ കേസ് കൊടുത്തു. പോലീസ് പാസ്റ്ററെയും മകനെയും അറസ്റ്റ് ചെയ്തു. തന്റെ മകനെ ശുശ്രൂഷയോടൊപ്പം Share Markert business ന്റെ ഉം Executive ഉം ആക്കി.

Dr.പോൾയാങ്കിചോ എത്രപേർക്ക് അഭിഷേകം നല്കിയിരിക്കും? ലോക പ്രശസ്ത പ്രസംഗകൻ ലോകം മുഴുവൻ എത്ര പേരെ അന്യഭാഷാ സംസാരിക്കാൻ പഠിപ്പിച്ച വ്യക്തി.

അന്യഭാഷയെന്ന തെറ്റായ ഉപദേശം ഇവരെ തെറ്റായ വഴിയിൽ നടത്തി. Dr.പോൾയാങ്കിചോ ലോകം മുഴുവനുമുള്ള ക്രിസ്ത്യാനികൾക്ക് അപമാനമുണ്ടാക്കി.

കൊറിയയിലെ ഒരു AOG സഭക്കാരും തങ്ങൾ AOG സഭയാണെന്ന് പറയാൻ നിവർത്തിയില്ല, ജയിൽ മോചിതനായ Dr.പോൾയാങ്കിചോ **ഇപ്പോൾ ഡേവിഡ് എന്ന പേരിൽ പുതിയ പാസ്പോർട്ട് കരസ്ഥമാക്കി ശുശ്രൂഷിക്കുന്നു.** ലോകം ചുറ്റുന്നു.

## 3. തമിഴ് നാട് AOG ഹെഡ്ക്വോർട്ടേഴ്സ് അഴിമതി

Pr.രാജമണി, Pr.D.മോഹൻ കൂടാതെ മറ്റ് പല പാസ്റ്റേഴ്സിന്റെ സാമ്പത്തിക അഴിമതികളെപ്പറ്റി മധുരയിലെ പാസ്റ്റർ **അരുൾ** അവർകൾ ലഘുലേഖകൾ വിതരണം ചെയ്തിരിക്കുന്നു. പലരു അത് എനിക്ക് വായിച്ച് കേൾപ്പിച്ചു അയച്ചുതരാൻ ആവശ്യപ്പെട്ടിരിക്കുന്നു.

AOG യുടെ **തലവന്മാർ തന്നെ** അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കെ മറ്റുള്ളവരെ എങ്ങനെ വിശുദ്ധിയിലേക്ക് നയിക്കാനാവും.

ഇവർ സംസാരിക്കുന്ന അന്യഭാഷകളെ 100 വട്ടം സംശയിക്കേണ്ടിയിരിക്കുന്നു. വചനാനുസൃതമല്ലാത്ത അന്യഭാഷ (?) സംസാരിക്കുന്നവരിൽ കാപട്യം ഉണ്ട് എന്നെഴുതിയത് ശരിയല്ലേ?

## 4. കന്യാകുമാരി ജില്ലാ, കുളച്ചൽ AOG സഭയും രാഷ്ട്രീയവും

കഴിഞ്ഞ സുനാമിയിൽ ഏറ്റവും കൂടുതൽ നാശനഷ്ടം ഉണ്ടായ ഭാഗമാണ് കുളച്ചൽ കേന്ദ്രം ഗവ.സു 30,000 കോടിയുടെ വമ്പൻ തുറമുഖവും ഇവിടെ നിർമ്മിക്കാൻ പോകുന്നു.

കുളച്ചലിനടുത്തുള്ള പർനട്ടിവിള എന്ന സ്ഥലത്തുള്ള AOG സഭയുടെ 35–ാം മത് സഭാദിനാഘോഷത്തോടനുബന്ധിച്ച് ഇറക്കിയിട്ടുള്ള വാൾ പോസ്റ്ററാണ് നിങ്ങൾ ഈ ചിത്രത്തിൽ കാണുന്നത്.




ഈ പോസ്റ്ററിൽ ബഹുമാന്യ തമിഴ്നാട് മുഖ്യമന്ത്രി Dr.വിപ്ലവനായിക ജെ.ജയലളിത അമ്മയുടെ അനുഗ്രഹാശ്രിസ്സുകളോടെ 2016 ആഗസ്റ്റ് 7–ാം തീയതി ഞാറയാഴ്ച രാവിലെ 10.00ന് ആരാധനയോഗം നടക്കും എന്ന് അച്ചടിച്ചിരിക്കുന്നു. പ്രത്യേക സന്ദേശം Tamilnadu Minority Commission Member, Mr.A.Justin Salvaraj അവർകളാണ്. പോസ്റ്റിലെ contact person Pr.D.Christopher Anil kumar MA,

ആണ്

കർത്താവിന്റെ സഭയേയും കർത്തൃനാമത്തിലുള്ള ആരാധനയേയും അനുഗ്രഹിക്കേണ്ടത് ബഹുമാന്യ മുഖ്യമന്ത്രി ജയലളിത അമ്മ അവർകളാണ്.

AOG സഭയുടെ പരിശുദ്ധാത്മശക്തി കണ്ടോ? AOGസഭകൾ എങ്ങോട്ട് യാത്ര ചെയ്യുന്നു? ഇത് ദൈവത്തോടുള്ള കാപട്യമല്ലേ?

## ടെലിഫോണിലൂടെ ഭീഷണി

ജൂലൈ മാസം 27–ാം തീയതി രാത്രി പെട്ടെന്ന് കുളച്ചൽ AOG പാസ്റ്റർ ടെലിഫോണിൽ എന്നോട് സംസാരിച്ചു. വളരെ കോപത്തോടാണ് സംസാരിച്ചത്. അദ്ദേഹം സംസാരിച്ചത്: ഞങ്ങൾ പതിച്ച **വാൾപോസ്റ്ററിന്റെ ചിത്രം** എങ്ങനെ ഞങ്ങളുടെ അനുവാദമില്ലാതെ Watts App ൽ Post ചെയ്തു എന്നാണ്.

എനിക്കു Watts App, Face book തുടങ്ങി സാമൂഹ്യമാധ്യമങ്ങളിലൊന്നും തന്നെ AC ഇല്ല എന്ന് അറിയിച്ചു. നിങ്ങൾ സംസാരിക്കുന്നതിന് 10 മിനിറ്റിന് മുമ്പ് ഒരു വ്യക്തി ലാമശഹൽ Wall post ന്റെ ചിത്രം അയച്ചു. അത് കണ്ട് ദു:ഖിച്ചു,ലജ്ജിച്ചു. ഞാൻ തന്നെ നിങ്ങളെ വിളിച്ച് ഏത് ആത്മാവാണ് ഈ പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെട്ടത് എന്ന് കേൾക്കാനിരിക്കുകയായിരുന്നു. കുറച്ചു പോലും ദൈവഭയം നിങ്ങൾക്കില്ലേ?

എന്തായാലും വിളിച്ചത് നന്നായി. എനിക്ക് സ്വന്തമായി മൊബൈൽ ഇല്ല. എന്നറിഞ്ഞപ്പോൾ പാസ്റ്ററിന്റെ കോപം ഒന്നു തണുത്തു.

## കുളച്ചൽ AOG സഭയുടെ പ്രശ്നമെന്ത്?

ഇവിടുത്ത സഭ പ്രാർത്ഥനാ വീടായി തുടങ്ങി. വീട്ടിൽ ആരംഭിച്ച സഭ സർക്കാർ അനുവാദമില്ലാതെ തന്നെ വലിയ കെട്ടിടം പണിതു. ഇതിനായി സർക്കാർ വകുപ്പുകളിൽ നിന്ന് വേണ്ട അനുവാദങ്ങളൊന്നും തന്നെ വാങ്ങിയിരുന്നില്ല.

വിവരം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടു. പാസ്റ്ററെ സ്റ്റേഷനിൽ വിളിച്ചുവരുത്തി അന്വേഷണം ആരംഭിച്ചു. കെട്ടിടം പോലീസ് സീൽ വച്ചു.

ഈ വിഷയത്തിൽ AOG നേതൃത്വം ഇടപെട്ടില്ല എന്ന് പാസ്റ്ററുടെ വിഷമമാണ്. സർക്കാരിന്റെ മാനദണ്ഡങ്ങളൊന്നും പാലിക്കാതെ കെട്ടിടം പണിതാൽ അതിൽ സഭാ നേതൃത്വത്തിന് ഇടപെടാനാകില്ലല്ലോ?

ഇതു പോലെ ധാരാളം പെന്തക്കോസ്തു സഭാ ഹാളുകൾ സർക്കാർ സീൽ ചെയ്തിരിക്കുകയാണ്. ഇങ്ങനെയുള്ള നിയമലംഘനങ്ങൾക്ക് കർത്താവിന്റെ സഹായം

ഉണ്ടാവില്ല. ഇതാണ് കുളച്ചൽ സഭയുടെ യഥാർത്ഥ സ്ഥിതി.

പക്ഷേ ഇതുപോലൊരു Poster നാമധേയ സഭാക്കാർ പോലും അച്ചടിക്കില്ലല്ലോ! കുളച്ചൽ AOG സഭാ പാസ്റ്റർ ദൈവത്തോടും, ഗവ: നോടും ക്ഷമ യാചിക്കണം,

വിശ്വാസികൾ എല്ലാം ഭരണാധികാരികൾക്കു വേണ്ടി പ്രാർത്ഥിക്കണം. (1 തിമൊ 2:4.) പക്ഷേ ക്രിസ്തുവിനുള്ള സ്ഥാനം **ഒരു വ്യക്തിക്കു** കൊടുത്തത് മഹാപരാധമാണ്. കർത്താവ് ക്ഷമിക്കട്ടെ!

## **Rev. Dr. Theodre Williams** നെക്കുറിച്ച്

അന്യഭാഷയെക്കുറിച്ച് അനേകർ തങ്ങളുടെ അഭിപ്രായങ്ങളും നിലപാടുകളും എന്നെ അറിയിച്ചു. അവർക്കൊക്കെ വീണ്ടും നന്ദി പറയുന്നു. ആ മറുപടികളിൽ സ്വന്ത അനുഭവങ്ങളും , മറ്റ് പലരുടെ പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണികളും ചൂണ്ടിക്കാണിച്ചു. പക്ഷേ വചനാടിസ്ഥാനത്തിൽ ഇവരാരും എഴുതിയില്ല. മറുപടി എഴുതിയ നാലു കത്തുകളും വായിച്ചിട്ടാണ് ഇത് എഴുതുന്നത്.

വചനം ഉദ്ധരിച്ച് എഴുതിയ സംഘങ്ങളിൽപ്പോലും സ്വന്തം വ്യാഖ്യാനങ്ങളാണ് നല്കിയത്. ശരിയായ അർത്ഥം ആരും എഴുതുയില്ല.

ഇവരെല്ലാവരും ഉദ്ധരിച്ച വചനം 1കൊരി14:1, 2 ഉം ആണ്. വരം അടയാളം എന്നീ പദങ്ങളാണ് ഇവ എന്റെ ഈ ലേഖനത്തിന്റെ അവസാനം വിശദീകരിക്കാം.

പെന്തക്കോസ്ത് പ്രസ്ഥാനത്തിലെ പണ്ഡിതന്മാർ എന്നറിയപ്പെടുന്ന Pr.രാജമണി, Bro.Stanly, Dr.രാജശേഖർ, എന്നിവർ എഴുതിയ ലേഖനങ്ങളെ പ്രസിദ്ധ വേദപണ്ഡിതനും, ബൈബിൾ സെമിനാരി പ്രൊഫസറും, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ബൈബിൾ ഡിഗ്രികൾ കരസ്ഥമാക്കിയ Rev. Dr. Theodre Willams നെ കാണിച്ച് നിങ്ങളുടെ വിശദീകരണവും വിമർശനവും ജാമക്കാരൻ വായനക്കാർക്കു വേണ്ടി നല്കണമെന്നാവശ്യപ്പെട്ടപ്പോൾ വളരെ സന്തോഷത്തോടുകൂടി ക്ഷണം സ്വീകരിച്ചു.

ഈ മൂന്നു പേരുടെ ലേഖനങ്ങളും ചേർത്ത് ഒന്നാക്കി അതിന് മൂന്ന് ആഴ്ചകളിൽ മറുപടി എഴുതി നല്കി.

Rev. Dr. Theodre Willams ന്റെ ഈ ലേഖനങ്ങളും ഇനി ഒരു ലക്കത്തിൽ എനിക്കുള്ള മറുപടികളും എഴുതി ഈ ലേഖന പരമ്പരയ്ക്ക് വിരാമമിടാൻ ആഗ്രഹിക്കുന്നു. ഇതിനെ പുസ്തകമാക്കാനും കർത്താവിൽ ആഗ്രഹിക്കുന്നു. Rev. Dr. Theodre Willams ന്റെ മറുപടി വായിച്ചാലും.

BIBLE
TEACHING
MINISTRIES



Rev. Dr. Theodre Williams
64 Mahalekshmi Nagar
Chennai - 600073, ph- 2375863

## ബൈബിൾ നല്കുന്ന സത്യത്തിന്റെ സാക്ഷ്യം

ബൈബിൾ പഠിപ്പിക്കുന്ന ഭക്തി (God lines) എന്നത് ദൈവത്തോടുള്ള ബന്ധത്തിന്റെ അളവിനനുസരിച്ചുള്ളതാണ്. ദൈവത്തോടുള്ള ബന്ധത്തിന്റെ മുഖ്യമായയ അനുസരണം, വിശ്വാസം എന്നിവയാണ്

അനുസരണം– ദൈവത്തെ ബഹുമാനിക്കാൻ ഭയപ്പെടൽ ദൈവഹിതം നിറവേറ്റൽ

വിശ്വാസം – ദൈവത്തിൽ ആശ്രയിക്കൽ മാത്രമല്ല മുറുകെ അവിടുത്ത കൈകളിൽ നല്കി അവിടുന്ന് പ്രവർത്തിക്കുന്നുത് കാത്തിരിക്കൽ.

എന്നാൽ മറ്റ് മതങ്ങളിലാകട്ടെ ഭക്തിയും ആത്മീയവും അവരവരുടെ ആവേശ അനുഭവങ്ങളോടുകൂടിയതാണ്. ഇത്തരത്തിലുള്ള ആവേശപരമായ ആത്മീയത ഈ 3 പേരിലും, അവരുടെ സഭകളിലും കടന്നു കൂടിയത്. ദുഖകരമായ കാര്യമത്രേ!

വെളിപ്പാട്, ദർശനങ്ങൾ– ഇവ പ്രകൃത്യാഹിതമായതും മനുഷ്യരെ ഭ്രമിപ്പിക്കു ന്നതുമായ അനുഭവങ്ങൾ, പ്രവൃത്തികൾ എന്നിവയോട് ബന്ധപ്പെട്ടവയാണ്

ഉദാ: സായ്ബാബ
മുക്താനന്ദാ
രാമകൃഷ്ണൻ
അ. പ്രവൃത്തികളിലെ – ശീമോൻ (അ8) തുടങ്ങിയവർ

## ക്രിസ്തീയ ഭക്തി എന്നത് മാനുഷിക കാഴ്ചപ്പാടിലെ ഭക്തിയല്ല.

ക്രിസ്തീയ ഭക്തിയ്ക്ക് ദൈവവചനത്തിലൂടെ ദൈവ വഴികളെയും, ദൈവ ഹിതത്തെയും നാൾതോറും അറിയേണ്ടത് വളരെ ആവശ്യമാണ് ഈ രീതിയാണ് കർത്താവും അപ്പോസ്തലന്മാരും നമ്മെ പഠിപ്പിച്ചത്. കർത്താവിന്റെയും അപ്പോസ്തന്മാരുടെയും പഠിപ്പിക്കലുകൾ ദൈവവചനത്തിൽ നിന്നാണ് ലഭിക്കുന്നത്.

**മൂവരും പറയുന്നതുപോലെ** അന്യഭാഷാ ഭാഷണത്താലോ, ആവേശ അനുഭവങ്ങളാലോ ആത്മീയവർദ്ധന ഉണ്ടാകുന്നില്ല. ആത്മീയ വർദ്ധനയ്ക്കായി അന്യഭാഷ സംസാരിക്കണം എന്ന അപ്പോസ്തലന്മാർ പഠിപ്പിച്ചില്ലല്ലോ? മറിച്ച് നാം വളരാൻ! ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന

മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ (1 പത്രോ 2:2,3).

രക്ഷിക്കപ്പെട്ട അഥവാ യേശു ക്രിസ്തുവിനെ കർത്താവായി സ്വീകരിച്ച എല്ലാ വിശ്വാസികൾക്കും ആത്മാവുണ്ട് എന്ന് പറയുന്നത് തെറ്റന്ന് മൂവരും പറയുന്നു.

ഈ പ്രസ്താവന തെറ്റാണ്. റോമ 8:9 ഇപ്രകാരം പറയുന്നു. "നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വന്നിക്കുന്നു എന്നു വരികിൽ ജഡ സ്വഭാവമുള്ള വരല്ല ആത്മ സ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാമില്ലത്തവൻ അവനുള്ളവനല്ല. മൂവരും വചനത്തെ വളരെ തെറ്റായി പ്രയോഗിക്കുന്നു.

**യേശു ഉള്ളത്തിൽ വരുന്നതും ആത്മാവ് ഉള്ളിൽ വരുന്നതും ഒന്നുതന്നെ അവർ വരുമ്പോൾ പിതാവും നമ്മുടെ ഉള്ളിൽ വരുന്നു** (യോഹ 14:23,24) യേശു ശിഷ്യന്മാർക്ക് തന്റെ ആത്മാവിനെ ഊതി നൽകിയ അത് പരിശുത്മാവ് അല്ല എന്ന് അവർ പറയുന്നു.

റോമ 8:2 ൽ ഇതിനുള്ള മറുപടിയുണ്ട്.

ശ്രീമോൻ പണം കൊണ്ട് വാങ്ങാൻ ശ്രമിച്ചത് അന്യഭാഷ **അടയാളത്തോടുകൂടിയ പരിശുദ്ധാത്മാവ്** എന്ന് മൂവരും പറയുന്നു.

അങ്ങനെ വേദപുസ്തകത്തിൽ എഴുതിയിട്ടില്ല. എഴുതിയിട്ടില്ലാത്ത വചനങ്ങൾക്ക് മാറ്റിയും തിരിച്ചു അർത്ഥം നൽകി ജനങ്ങളെ കുഴക്കുന്നു.

ശീമോൻ **വാങ്ങാൻ ശ്രമിച്ചത് പരിശുദ്ധാത്മാവിന്റെ ശക്തിയെയാണ്. അല്ലാതെ അന്യഭാഷയെയല്ല.** ഈ ശീമോൻ മായവിദ്യകൾ കാട്ടി പണം സമ്പാദിച്ചു കൊണ്ടിരുന്ന വ്യക്തിയാണ്. ഈ മായാജാലങ്ങൾക്ക് ഇനിയും ശക്തിയും വൈവിധ്യവും പകർന്ന് പണം സമ്പാദിക്കാനാണ് പരിശുദ്ധാത്മാവിനെ വിലക്ക് കേട്ടത് അല്ലാതെ അന്യഭാഷ സംസാരിക്കാനല്ല.

ആരാധന നയിക്കുന്ന പാസ്റ്ററിൽ വസിക്കുന്ന പരിശുദ്ധാത്മാവാണ് ആരാധന നയിക്കുന്നത്. അല്ലാതെ പാസ്റ്റർ അല്ല. അതിനാൽ ആരാധനയോ അന്യഭാഷയോ തുടങ്ങാൻ പറഞ്ഞാൽ തുടങ്ങുകയും നിർത്താൻ പറഞ്ഞാൽ നിറുത്തുകയും ചെയ്യുന്ന കാര്യത്തിൽ പാസ്റ്ററെ കുറ്റം പറയരുത്. അത് പരിശുദ്ധാത്മാണ് ചെയ്യുന്നത് എന്ന് മൂവരും എഴുതിയിരിക്കുന്നു.

വേദ പുസ്തകത്തിൽ അപ്പോസ്തലന്മാരോ,പ്രത്യേകിച്ച് പത്രോസോ, പൗലോസോ, ഇങ്ങനെയൊരു നിർദ്ദേശം പറഞ്ഞിട്ടുണ്ടോ?അ.പ്ര 19;1. 1 കൊരി 14 എന്നീ ഭാഗങ്ങളിൽ ഇത് പറഞ്ഞിട്ടുണ്ടോ? വചനം പറയാത്ത കാര്യങ്ങളെ **സ്വന്തം**

**അനുഭവങ്ങളുടെ വെളിച്ചത്തിൽ പറയുന്നു. ഇത് ആപത്ത്!**

ഈ മൂവർക്കും വേദവ്യാഖ്യാനം എങ്ങനെ ചെയ്യണം എന്ന കാര്യത്തിൽ ധാരാളം കുഴപ്പങ്ങളുണ്ട്. ഇവർ ബൈബിൾ രചിക്കപ്പെട്ട ഭാഷകളെയും, ഏവരും അംഗീകരിച്ച് വ്യാഖ്യാന രീതികളെയും പഠിച്ച ശേഷം മറ്റുള്ളവരെ പഠിപ്പിക്കണം.!

അ.പ്രവൃത്തികളിൽ അന്യഭാഷകൾ സംസാരിച്ച സ്ഥലങ്ങൾ 1)2:4 2) 10:45 3)19:16 എന്നിവയാണെന്നും, അതിനാൽ സംസാരിക്കാമെന്നും പറയുന്നു.

**അ.പ്ര 2-ാം അദ്ധ്യായം**

ഇവിടെ കടന്നു വന്ന വിവിധ ഭാഷക്കാരായ ജനങ്ങൾക്ക് അവരവരുടെ മാതൃഭാഷകളിൽ 'ദൈവത്തിന്റെ വൻകാര്യങ്ങൾ' സംസാരിച്ചു എന്ന് വ്യക്തമായി എഴുതിയിരിക്കുന്നു. ദൈവത്തിന്റെ വൻകാര്യങ്ങൾ' എന്നാൽ എന്ത്? അത് ക്രിസ്തുവിന്റെ മരണം, ഉയിർത്തെന്നേല്പ എന്നിവയാണ്.

ഇവിടെ പരിശുദ്ധാത്മാവിൽ നിറഞ്ഞ് വിവിധ ഭാഷകളിൽ ദൈവത്തെ പുകഴത്തി, പ്രാർത്ഥിച്ചു കൊണ്ടിരുന്നു എന്നും, അവർ സംസാരിച്ചതിനെ "കുടിയന്മാരുടെയും വെറിയന്മാരുടെയും കുമ്മാളം" എന്നും പറയുന്നു. ഇതും തെറ്റ് ഇങ്ങനെ വേദ പുസ്തകത്തിൽ എഴുതിയിട്ടില്ല.

ഇവരൊക്കെ വേദ പുസ്തകത്തിലില്ലാത്ത വാക്കുകളെ എങ്ങനെ ഇത്ര ധൈര്യമായി എഴുതുന്നു, പ്രസംഗിക്കുന്നു? ഇവരുടെ എഴുത്തും, പ്രസംഗവും കേൾക്കുന്നവർ ദേവപുസ്തകം തുറന്ന നോക്കുമെന്ന് അറിയില്ലേ!

" പർഥരും, മേദ്യരും, ഏലാമ്യരും, മെസപ്പെടാത്താമ്യയിലും യെഹൂദ്യയിലും, കപ്പദേക്യയിലും പെന്തൊസിലും ആസ്യയിലും, പ്രഗ്യയിലും, പംഫുല്യയിലും, മിസ്രയിമിലും, കുറേനെക്കു ചേർത്ത ലിബ്യപ്രദേശങ്ങളിലും പാർക്കുന്നവരും, റോമായിൽ നിന്നും വന്നു പാർക്കുന്നവരും,യെദന്മാരും. യെഹുദാമതാനുസാരികളും, ക്രേത്യരം, അറബിക്കാരുമായ നാം ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നതു കേൾക്കുന്നവല്ലോ എന്നു പറഞ്ഞു. അ.പ്ര 2:9–11.

വേദ പുസ്തകത്തിൽ എഴുതാത്ത കാര്യങ്ങളെ എഴുതി എന്ന് പറയുന്നത് ദൈവ കോപം ഉളവാക്കും, ആപത്തിനെ വരുത്തും.

എഫെസോസിൽ സ്നാനമേറ്റ് ശിഷ്യന്മാർ സ്നാപക യോഹന്നാന്റെ മാനസാന്തര സ്നനാമാണ് സ്വീകരിച്ചിരുന്നത്. അവർ കർത്താവിന്റെ കല്പനയോ, കല്പനയിലെ പരിശുദ്ധാത്മാവിനെയോ കേട്ടിരുന്നില്ല, അറിഞ്ഞിരുന്നില്ല.

മൂന്ന് സാക്ഷ്യങ്ങളാൽ ഏതു കാര്യവും സ്ഥിരീകരിക്കാം എന്നത് ഇവിടെ ശരിയാകില്ല. കാരണം, 3 സാക്ഷ്യങ്ങളും (വേദഭാഗങ്ങളും) വ്യത്യസ്തമായി സംസാരിക്കുന്നു.

പൗലോസ് അധികം ഭാഷകളെ സംസാരിച്ചു. എന്നതിൽ, അത് അടയാളമായിട്ടല്ല, വരമായിട്ടാണ് ദൈവം നൽകിയത്. അടയാളവും, വരവും രണ്ടും രണ്ടാണ്.

പ്രാർത്ഥന ഭാഷയായി അന്യഭാഷ നൽകിയിരിക്കുന്നു അതിനാൽ ഏവരും അന്യഭാഷ സംസാരിക്കണം.

ഇങ്ങനെയൊരു ആശയമോ, സൂചനയോ നൽകുന്ന വചനം പോലും വേദപുസ്തകത്തിലില്ല.

1 കൊരി 12:10 ൽ പോലും എല്ലാവരും അന്യഭാഷ സംസാരിക്കണം എന്ന് എഴുതിയിട്ടില്ലല്ലോ?

ലക്ഷകണക്കിന് വായനക്കാർ വായിക്കുന്ന മാസികയിൽ പച്ചക്കള്ളങ്ങൾ എഴുതാൻ എങ്ങനെ മനസ്സ് വന്നു?

അന്യഭാഷ സംസാരിക്കാത്ത ഏതെങ്കിലുമൊരു ഇടയനെങ്കിലും പ്രവചനം സഭയെ ആത്മീക വർദ്ധനവ് നയിക്കുനമോ?

അതേ നയിക്കും. ഇന്നും നയിച്ചു കൊണ്ടിരിക്കുന്നു.

ആത്മീക വർദ്ധന എന്നാൽ എന്ത്? ആത്മീയ വർദ്ധന എന്നാൽ ആവേശ അവസ്ഥയല്ല. ആത്മീയ വർദ്ധന എങ്ങനെ വരുന്നു എന്ന് വചനം വ്യക്തമായി പറയുന്നു. നോക്കുക– 1 പത്രോസ് 2:2,3!

Pr. രാജമണി പെന്തക്കോസ്തുകാരല്ലാത്ത വേദപണ്ഡിതന്മാരുടെ കൂട്ടത്തിൽ പീറ്റർ വേഗ്നർ എന്ന ദൈവദാസനെ സൂചിപ്പിക്കുന്നു.

Dr.പീറ്റർ വേഗ്നർ പെന്തക്കോസ്ത് പ്രസ്ഥാനത്തിലെ വ്യക്തിയാണ്. കാരണം, എനിക്ക് അദ്ദേഹത്തെ നേരിട്ട് അറിയാം. പക്ഷേ ജ്യ.രാജമണിയുടെ നിലപാടുകൾക്ക് വിരുദ്ധമാണ് Dr.പീറ്റർ വഗ്നറുടെത് അതിനാൽ പെന്തക്കോസ്തുകാരിടെ ലിസ്റ്റിൽ നിന്ന് Dr.പീറ്റർ വേഗ്നറുടെ പേര് ഒഴിവാക്കിരിക്കുന്നു.

Dr.രാജശേഖർ, SABC, Bengaluruന്റെ എഴുത്തുകളെ കുറിച്ച്.

എല്ലാം ആവർത്തന വിരസ്ഥസത ഉളവാക്കുന്നതും അനുഭവങ്ങൾക്ക് മുഖ്യസ്ഥാനം നൽകുന്നതുമാണ്.

മാത്രമല്ല ഒരു സ്കൂൾ വിദ്യാർത്ഥി തെറ്റായി ഉത്തരമെഴുതിയാൽ 0 മാർക്ക് നല്കുന്നതുപോലെ Dr.രാജശേഖറിന്റെ ഓരോ ഉത്തരങ്ങൾക്കും 0,00,000,0000,00000 എന്ന് മാർക്കിടാം.

ഉത്തരം നൽകാൻ യോഗ്യതയില്ലാത്ത ചോദ്യങ്ങളാണ് ഡ്യ.രാജശേഖറിന്റേത്.

പെന്തക്കോസ്ത് ദിവസം അന്യഭാഷകൾ ജനങ്ങളെ ആകർഷിച്ചു. Br.stanly

ഇത് 100% തെറ്റ്. ഭാഷകൾ ജനങ്ങളെ ആകർഷിച്ചില്ല.

ആകർഷിച്ചത് : പരിശുദ്ധാത്മാവിന്റെ അടയാളങ്ങളും അത്ഭുതങ്ങളും,
: ദൈവത്തിന്റെ വൻകാര്യങ്ങളും,
: പത്രോസിന്റെ പ്രസംഗവുമാണ്.

ദൈവത്തിന്റെ വൻകാര്യങ്ങൾ – 1 ക്രൂശ് മരണവും, ഉയിത്തെഴുന്നേല്പുമാണ്. കാരണം അതിലാണ് പാപത്തിന്റെ പരിഹാരവും, ദൈവ നീതിയും, സ്വർഗത്തിലേക്കുള്ള "വാതിലും" ഉള്ളത്.

മാർക്കോസ് സുവിശഷത്തിൽ 'പുതുഭാഷകളിൽ സംസാരിക്കും' എന്നുണ്ടല്ലോ

അതെ പക്ഷേ ശ്രദ്ധിക്കുക – **"പുതുഭാഷയല്ല" "പുതുഭാഷകൾ"** ആണ്.

വിശ്വദ്ധിക്കുന്നവരാൽ നടക്കുന്ന – **"അടയാളം" അല്ല "അടയാളങ്ങളാണ്".**

വിശുദ്ധിക്കുന്നവർ പുതുഭാഷകൾ സംസാരിക്കുക മാത്രമല്ല മറ്റ് അടയാളങ്ങളും ചെയ്യും, അന്യഭാഷ സംസാരിക്കുന്ന വിശ്വാസികൾ മറ്റ് അടയാളങ്ങളും ചെയ്യുന്നുണ്ടോ? ഇവർ അന്യഭാഷയെ മാത്രം പറയുന്നു. വചനം പറയുന്ന മറ്റ് അടയാളങ്ങളെ വിട്ടുകളയുന്നു.

ശ്രദ്ധിക്കേണ്ട മറ്റൊരുകാര്യം. കർത്താവ് ഇവിടെ പറയുന്നത് സുവിശേഷം അറിയിക്കുന്നതിനോടുള്ള ബന്ധത്തിലാണ്. അല്ലാതെ സഭായോഗത്തോടുള്ള ബന്ധത്തിലല്ല!

ആ വചന ഭാഗം ശ്രദ്ധിച്ചിട്ടും.

പിന്നെ അവൻ അവരോട് നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (സുവിശേഷം) വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും. പുതുഭാഷകളിൽ സംസാരിക്കും. സർപ്പങ്ങളെ പിടിച്ചെടുക്കും, മരണരമായ യാതൊന്നു കുടിച്ചാലും അവർക്ക് ഹാനി വരികയില്ല, രോഗികളുടെ

മേൽ കൈ വച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു. (-മർക്കോസ് 16:1518.)

അന്യഭാഷയിൽ ദൈവത്തെ സ്തുതിക്കുന്നത് വേദപുസ്തകം തടുക്കങ്ങുന്നുവോ?

അന്യഭാഷയിൽ ദൈവത്തെ സ്തുതിക്കാം എന്നോ സ്തുതി അന്യഭാഷയാൽ എന്നോ ഒരിടത്തും വചനം പറയുന്നില്ലല്ലോ. ഇല്ലാത്തെ കാര്യങ്ങളെ വചനത്തോടു കൂട്ടിചേർക്കുകയാണ്! ജാഗ്രത!!

Br.Stanly: പീറ്റർ പരീക്ഷ എഴുവാൻ അന്യഭാഷ സംസാരിച്ചത്.

ഇക്കാര്യം വ്യക്തിപരവും, അനുഭവവേദ്യമാണ്. അനുഭവങ്ങളെ വചനങ്ങളാക്കാൻ ദൈവം അനുവദിച്ചിട്ടില്ല. അനുഭവം വചനവുമായി ഒത്തുപോയാൽ ചില ആത്മീയ പാഠങ്ങൾ **പഠിക്കാം അത്രതന്നെ ഈ അനുഭവം ആരും പിൻതുടരുത്!**

❖ **Dr.പുഷ്പരാജ്:** Rev.Dr.Theodre Williams കർത്താവിൽ നിദ്ര പ്രാപിച്ച് ഇപ്പോൾ കർത്തൃ സന്നിധിയിൽ വിശ്രമിക്കുന്നു. Bro.Stanly ഏറെത്തവണ Vellore ലെ തന്റെ Blessing യോഗങ്ങളിൽ Dr.Theodre Williams നെ ഉപയോഗിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ വചന പഠനം വ്യക്തതയുള്ളത്. ഇദ്ദേഹത്തിന്റെ പുസ്തകങ്ങൾ ഓരോന്നും ഓരോ നിധികളാണ്. ഇദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെ ധാരാളം ദൈവദാസന്മാരും, മിഷനറികളും ഉളവായിട്ടുണ്ട്. Dr.Theodre Williams നെ പ്രയോജനപ്പെടുത്തിയതോർത്ത് ദൈവത്തെ, സ്തുതിക്കുന്നു.

രണ്ടു വാക്ക്- അന്യഭാഷ, ആവശ്യമാണോ എന്ന പെന്തക്കോസ്ത് പ്രസ്ഥാനത്തിലെ പല പ്രമുഖ വ്യക്തികളുടെയും നിലപാടുകളും അഭിപ്രായങ്ങളും അതിന് വചനാടിസ്ഥാനത്തിലുള്ള എന്റെ മറുപടിയും വായനക്കാർ വായിച്ചു.

ഇപ്പോൾ Dr.Theodre Williams ന്റെ മറുപടിയും നിങ്ങൾ കണ്ടു.

അടുത്ത ലക്കം- പെന്തക്കോസ്തു പ്രസ്ഥാനത്തിലെ എല്ലാവരും ഉപയോഗിക്കുന്ന- 1കൊരി14:1,2 - എന്നീ വചനങ്ങൾക്കുള്ള വ്യാഖ്യാനവും, വരം, അടയാളം എന്നിവയെക്കുറിച്ചും എഴുതാൻ ആഗ്രഹിക്കുന്നു.

ഇതുവരെ അന്യഭാഷയെക്കുറിച്ച് എഴുതിയ കാര്യങ്ങളിൽ മറിച്ച് അഭിപ്രായമുള്ളവർ, വചനാടിസ്ഥാനത്തിൽ മറുപടി എഴുതിയാൽ സന്തോഷം അത് തുറന്നമനസ്സോടെ സ്വീകരിക്കും.

കുറേമാസങ്ങളായി ക്ഷമയോടെ ഈ വിഷയത്തിൽ എന്നെ പിൻതുടരുന്ന എന്റെ വായനക്കാർക്ക് ഏറെ നന്ദി പറയുന്നു.

# ദൈവത്തിന് പേര് ഉണ്ടോ?

Selected

"എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്ന പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ഏക ദൈവമേ നമുക്കുള്ളൂ, അവൻ സകലത്തിലും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമ്മുക്കു ഉണ്ട്. അവൻ മുഖാന്തിരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു, എന്നാൽ എല്ലാവരിലും ഈ അറിവില്ല". 1കൊരി 8:5,6

ദൈവത്തിന് പേര് ഉണ്ടോ? ഉണ്ടെന്നും ഇല്ലെന്നും രണ്ട് അഭിപ്രായങ്ങൾ ഉണ്ട്. എന്നാൽ സദൃശവാക്യങ്ങൾ 30: 4 നോക്കുക: 'സ്വർഗ്ഗത്തിൽ കയറുകയും ഇറങ്ങിവരികയും ചെയ്തത് ആർ? കാറ്റിനെ തന്റെ മുഷ്ടിയാൽ പിടിച്ചടക്കിയവൻ ആർ? വെള്ളങ്ങളെ വസ്ത്രത്തിൽ കെട്ടിയവൻ ആർ? ഭൂമിയുടെ അറുതികളെയൊക്കെ നിയമിച്ച വൻ ആർ? അവന്റെ പേരെന്ത്? നിനക്കറിയാമോ?

ദൈവത്തിന്റെ ആൺമയെയും ഉൺമയെയും വെളിപ്പെടുത്തുന്നവയാണ് ദൈവ ത്തിന്റെ പേരുകൾ. തന്റെ ജനത്തിന്റെ ഓരോ ആവശ്യത്തിനും പര്യാപ്തമാക്കി ദൈവം തന്റെ പേരുകൾ വെളിപ്പെടുത്തി.

യിസ്രായേൽ ജനത്തെ മരുഭൂമിയിലൂടെ നയിക്കേണ്ടതിന് ഒരു ദൂതനെ വാഗ്ദാനം ചെയ്തപ്പോൾ "എന്റെ നാമം അവനിൽ ഉണ്ട്. (പുറ 23: 20) എന്നുറപ്പു നല്കി.

ദൈവത്തിന്റെ പേർ ദൈവത്തിന്റെ പ്രകൃതിയെ വെളിപ്പെടുത്തുന്നതാകയാൽ ദൈവത്തിന്റെ വിശുദ്ധിയും ശക്തിയും അധികാരവും ആ നാമത്തിനുണ്ട്. അതുകൊണ്ട് യഹോവയുടെ നാമം വൃഥാ എടുക്കുവാൻ പാടില്ല, പുറ 20:7; ആവ 5:11

**ദൈവനാമത്തിന്റെ പ്രത്യേകതകൾ**

പ്രവാചകന്മാർ പ്രവചിച്ചത് ദൈവത്തിന്റെ നാമത്തിലാണ് ആമ18: 19:യിരെ 20:20, 44:16

അനുഗ്രഹങ്ങളും ശാപങ്ങളും ദൈവത്തിലാണ് സഖ്യാ 23–24

ദൈവനാമത്തിൽ എടുക്കുന്ന പ്രതിജ്ഞകൾ അനുസരിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ് ആവ6:3

ദൈവനാമത്തെയാണ് വിളിച്ചപേക്ഷിക്കേണ്ടത് സങ്കീ 116:4,13,17

ദൈവനാമം ഭൂമിയിലൊക്കെയും ശ്രേഷ്ഠമായത് സങ്കീ 8:1

ദൈവത്തിന്റെ പേരുകളിൽ അടിസ്ഥാനമയവ മൂന്നാണ്: 1 ഏൽ 2. ഏലോഹീം 3. യഹോവ ഈ പേരുകളുടെ സംയുക്ത രൂപങ്ങൾ അനേകം ഉണ്ട്.

1.ഏൽ

ദൈവനാമത്തെക്കുറിക്കുന്ന എബ്രായനാമമാണ് ഏൽ. അക്കാദിയൻ ഭാഷയിൽ ഇലു. ഗ്രീക്കു ഭാഷയിൽ Theos സംസ്കൃത ഭാഷയിലെ ഇഡ, ഇതി, ദേവ/ ദേവ് എന്നിവയും ശ്രദ്ധേയം. പദത്തിന്റെ അർത്ഥം ശക്തി എന്നതാണ്. (ആവ 5:9)

2. ഏലോഹീം

ബഹുവചനരൂപമാണെങ്കിലും ഏകവചനമായിട്ടാണ് പ്രയോഗം ദൈവത്തിന്റെ പൂർണത ഏലോഹീം ഉൾക്കൊള്ളുന്നു. പദത്തിന്റെ അർത്ഥം സർവ്വശക്തി എന്നതാണ്.

3. ഏൽ എല്യോൻ

അത്യുന്നതനായ ദൈവം എന്നർഥം. മറ്റ് ദേവന്മാരെക്കാൾ മഹാ ഉന്നതനായ ദൈവം എന്ന ആശയം നല്കാനാണ് ഈ പേര് . (ഉല്പ 14:19.22)

4. ഏൽ ഒലാം

നിര്യനായ ദൈവം ഉല്പ 21: 33 കാലബദ്ധനാകാതെ നിത്യനായി സ്ഥിതിചെയ്യുന്ന ദൈവത്തിന്റെ സർവ്വാധികാരത്തെക്കുറിക്കുന്ന പേർ. സങ്കീ 90: 2 കർത്താവ് അനാദിയായും ശാശ്വതമായും ദൈവം ആകുന്നു.

**എന്റെ വിദേശ ശുശ്രൂഷ**

| COUNTRY | NAME | Contact Numbers |
|---|---|---|
| **MALAYASIA** | Rev. Hendry | 1992224410 |
| 2016 Nov 1 to 6 | | |
| **AUSTRALIA** | Mr. JAYAN CHRISOSTOM | 409809002 |
| 2016 Nov 9 to 13 | (MALAYALAM) MELBOURNE | |
| 2016 Nov 17 to 20 | Bro. VINO APPATHURAI | |
| | (TAMIL) MELBOURNE | |
| 2016 Nov 23rd to 29th | Bro. JOHN CUMARASAMY | +6148962911 |
| | (TAMIL) SYDNEY | |

**ശ്രദ്ധയ്ക്ക് : എന്നെക്കാണാൻ ആഗ്രഹിക്കുന്നവർ ഈ സഹോദരങ്ങളെ ബന്ധപെട appointment Fix ചെയ്യുക**

# കൂട്ടായ്മകൾ

- നിങ്ങൾ ഓൺലൈൻ, M.O., ചെക്ക് വഴിയായി അയച്ച എല്ലാ സാമ്പത്തിക സഹായത്തിനും വളരെയധികം നന്ദിയുണ്ട്.

- നിങ്ങൾ എഴുതി അയച്ച എല്ലാ പ്രാർത്ഥനാവിഷയങ്ങൾക്കും ആഴ്ചതോറും പ്രാർത്ഥിക്കുന്നുണ്ട് സൗഖ്യം പ്രാപിച്ചവരും അൽഭുതങ്ങൾ പ്രാപിച്ചവരും എനിക്കെഴുതി അറിയിച്ച വിവരങ്ങൾ അറിഞ്ഞ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

- എനിക്കുവേണ്ടിയും എന്റെ ദൈവവേലയ്ക്കു വേണ്ടിയും പ്രാർത്ഥിച്ചതായി അറിയിച്ച എല്ലാ അച്ചൻമാർക്കും എല്ലാ വിശ്വാസികൾക്കും ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു.

- 2016 ജനുവരി മാസം മുതൽ ഇതുവരേയും നടന്ന എല്ലാ യോഗങ്ങളേയും സുവിശേഷ പ്രവർത്തനങ്ങളേയും ദൈവം അനുഗ്രഹിച്ചു. തുടർന്നുള്ള ദൈവിക ശുശ്രൂഷകളും അനുഗ്രഹിക്കപ്പെടുവാൻ നിങ്ങൾ എല്ലാവരുടേയും പ്രാർത്ഥന ആവശ്യപ്പെടുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

☐ ഞങ്ങളുമായി ഫോണിൽ ബന്ധപ്പെടാനാകാത്തവർ കത്തുകളിലൂടെ, നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ അയക്കാവുന്നതാണ്.

☐ ഇ-മെയിൽ എഴുതുമ്പോൾ മുഴുവിലാസവും, ഫോൺ നമ്പരും വയ്ക്കാൻ മറക്കരുത്. കത്തിലൂടെ മറുപടി എഴുതാൻ അത്യ സഹായമായിരിക്കും. ആഴ്ചയിൽ രണ്ട് ദിവസം മാത്രം ഭവനത്തിലുള്ളതിനാൽ എന്റെ യാത്രയ്ക്കിടയിൽ മറുപടികൾ എഴുതും. അതിന് മുഴുവിലാസം ആവശ്യമെന്ന് ഒരിക്കൽ കൂടെ ഓർമ്മിപ്പിക്കുന്നു.

**കത്തുകളെഴുതുമ്പോൾ പൂർണ്ണ വിലാസവും കമ്പ്യൂട്ടർ സീരിയൽ നമ്പരും എഴുതാൻ മറക്കരുതേ.**

(കാവൽക്കാരൻ മാസികയ്ക്ക് വരിസംഖ്യ ഇല്ല)

വാർത്തകൾ! വാർത്തകൾ!

കേൾവിയിലൂടെ കേട്ടവയും നേരിട്ടുകണ്ടവയും

## Moderator തെരഞ്ഞെടുപ്പ്

ആഗസ്റ്റ് മാസം Moderator തെരഞ്ഞെടുപ്പിൽ ഒരു പുതിയ മാറ്റം ഉണ്ടായി. Dy. Moderator ആണ് അടുത്ത Moderator ആയി പദവി വഹിക്കണം എന്നത് കീഴ്‌വഴക്കമായി നടന്നു വരുന്നു. രണ്ടാം പ്രാവശ്യമായി ആ കീഴ്‌വഴക്കം മാറ്റാൻ CSI യിൽ ഏർപ്പാട് നടന്നു വരുന്നതായി ഞാൻ അറിഞ്ഞു. 22 ഡയോസിസിൽ ഒരു പ്രത്യേകത ബിഷപ്പിനെ മോഡറേറ്റർ ആക്കാൻ ഒരു കൂട്ടർ കൈയ്യിൽ **കോടികൾ വച്ച്** മോഡറേറ്ററോട് സംസാരിച്ച്, ശ്രമിക്കുന്നതായി കേൾക്കുന്നു. Dy. Moderator അവർകളെ Moderator പദവിലേയ്ക്ക് ഉയർത്താം എന്ന് വാക്കു നല്കിയ ഇപ്പോഴത്തെ മോഡറേറ്റർ തന്റെ തീരുമാനത്തെ കൂടുതൽ പണം തരുന്നവർ പറയുന്നതുപോലെ ചെയ്യാൻ തീരുമാനിച്ചതായി വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. Moderator നും Dy. Moderator നുമിടയിൽ ഒരു വിടവ് ഉണ്ടായതായി Synod പ്രമാണികൾ പറയുന്നതായി വാർത്തകൾ വന്നു കൊണ്ടിരിക്കുന്നു. ഇപ്പോഴുള്ള Dy. Moderator കോടികൾ കൈയ്യിൽ വച്ചിരിക്കുന്ന കൂട്ടരെക്കാൾ കൂടുതൽ കോടികൾ കൊടുത്താൽ മാത്രമേ Moderator ആകാനാകൂ എന്ന് വാർത്തകൾ വരുന്നു. ദൈവവേല പദവിയായി മാറി, രാഷ്ട്രീയക്കളിയായി നീങ്ങിക്കൊണ്ടിരിക്കുന്നത് വളരെ വേദനയുണ്ടാക്കുന്ന വാർത്തയത്രേ.

**AUGUST 2016**

# Printed Book/Book Post

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.